2023
ജനുവരി

ഒറ്റ പ്രതി : ₹10
Pages 08
Vol: 14
Issue : 1


# ക്രിസ്തീയ ദർശനം

ഒരു ബ്രദറൺ സഭാ വാർത്താ പത്രം

സത്യവചനം » സാഹോദര്യം » സ്വാതന്ത്ര്യം » സഹവർത്തിത്വം


CHRISTHEEYA DARSHANAM
വാർഷിക വരിസംഖ്യ ₹100
Published From **Vadasserikkara**
RNI. No. KERBIL/2008/26466
**REGISTERED**
Postal Reg. No.
KL/PTA/89/2023-2025





# മരണം വിതയ്ക്കുന്ന ലഹരിക്കെതിരെ

## ക്രിസ്തീയദർശനം വാർത്താപത്രം നേതൃത്വം നൽകിയ ബോധവൽക്കരണ സന്ദേശയാത്രയ്ക്ക് ആത്മീയ സമാപനം



ഉദ്ഘാടനം : സുവി. ചാണ്ടപ്പിള്ള ഫിലിപ്പ്



ഗായകർ ആലിച്ചൻ ആന്റണി, ജെയ്സൺ ജോർജ്ജ് കൊട്ടാരക്കര



സുവി. പി.വി. ജെയിംസ്

**വയനാട് :** കേരളീയ സമൂഹത്തെ ആകെ ഗ്രസിച്ചിരിക്കുന്ന സാമൂഹിക വിപത്തായ ലഹരിക്കെതിരെ ക്രിസ്തീയദർശനം വാർത്താപത്രം 2023 ജനുവരി 3,4,5 തീയതികളിൽ വയനാട് ജില്ലയിൽ സംഘടിപ്പിച്ച ബോധവത്ക്കരണ സന്ദേശയാത്ര സമാപിച്ചു.

വയനാട് ജില്ലാ പോലീസ് മേധാവി ശ്രീ. ആർ. ആനന്ദ് ഐ.പി.എസ്, അനുഗ്രഹാശ്ശീസുകളോടെ 3-ാം തീയതി കല്പറ്റ ടൗണിൽ നിന്ന് കർത്തൃദാസൻ ചാണ്ടപ്പിള്ള ഫിലിപ്പ് ഉദ്ഘാടനം ചെയ്ത യാത്ര ജില്ലയിലെ 28 കേന്ദ്രങ്ങളിലൂടെ സഞ്ചരിച്ച് 5-ാം തീയതി കൊയിലേരിയിൽ സമാപിച്ചു.

### ഒരുമയുടെ പെരുമ

ക്രിസതീയദർശനം എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ, വിദേശ പ്രതിനിധികൾ, വയനാട്ടിലെ സുവിശേഷകന്മാർ എന്നിവരടങ്ങുന്ന നാല്പതിൽപരം അംഗങ്ങൾ യാത്രയിലുടനീളം പങ്കെടുത്തു. വയനാട് ജില്ലയിലെ മുഴുവൻ ബ്രദറൺ സഭകളുടേയും സുവിശേഷകന്മാരുടെയും സജീവസാന്നിദ്ധ്യം പ്രത്യേകം പ്രസ്താവ്യമാണ്. സമാപന സമ്മേളനങ്ങളിൽ പ്രാദേശിക സഭാവിശ്വാസികളുടേയും പൊതുജനങ്ങളുടേയും സാന്നിദ്ധ്യം ഉണ്ടായി. പോത്ത്കെട്ടി, മീനങ്ങാടി, ടാബോർഹിൽ കൊയിലേരി എന്നിവിടങ്ങളിൽ സമാപനസമ്മേളനങ്ങൾ നടന്നു.

സുവിശേഷകന്മാരായ ചാണ്ടപ്പിള്ള ഫിലിപ്പ്, പി.വി. ജെയിംസ്, സജീവ് വർഗീസ്, ബ്രദർ. പോൾ പി സ്കറിയ, ജിജു ജോർജ്ജ് , ബിജോയ് തുടിയൻ, ബിജു മാത്യു, നദീഷ് ചെറിയാൻ, ജോഷ്വാ ബിജോയ്, സജി ജോൺ എന്നിവർ വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. 25 സ്ഥലങ്ങളിൽ സംഘടിക്കപ്പെട്ട പരസ്യയോഗങ്ങളിൽ 100 കണക്കിന് ആളുകൾ സുവിശേഷം കേൾക്കുവാൻ ഇടയായി. പ്രത്യേകം തയ്യാറാക്കപ്പെട്ട ലഘുലേഖകൾ, പുസ്തകങ്ങൾ, പത്രം എന്നിവ വിതരണം ചെയ്തു. ലഘു സന്ദേശത്തിന് മുൻപ് ബ്രദർ. ജെയ്സൺ കൊട്ടാരക്കര, ആലിച്ചൻ ആന്റണി, ക്ലീറ്റസ് ചാണ്ടപ്പിള്ള, പി.വൈ. കുഞ്ഞുമോൻ, എന്നി വർ ശ്രുതിമധുരവും ഹൃദയസ്പൃക്കായ ഗാനങ്ങൾ ആലപിച്ചു. പ്രത്യേകം തയ്യാറാക്കപ്പെട്ട വാഹനം ജനങ്ങൾക്ക് വ്യത്യസ്ത നിറഞ്ഞ അനുഭവമായിരുന്നു. ദൈവംകൃപയുടെ വലിയ സ്വാധീനം ദർശിച്ച ദിവസങ്ങൾ സമ്മാനിച്ച ദൈവത്തിന് ശ്രുതി.



ഒരുമയോടെ മുന്നേറാം



ഗായകൻ ക്ലീറ്റസ് ചാണ്ടപ്പിള്ളയും, എഡിറ്റോറിയൽ ബോർഡ് അംഗങ്ങളും

### ജോയിച്ചാൻമാർ പ്രാർത്ഥിച്ചയച്ചു.

റാന്നിയിൽ നിന്ന് സഹോദരൻ ജോയി പുത്തൂരും (പി.എം. സാമുവേൽ), കോട്ടയത്തുനിന്ന് സഹോ. ജോയി വടവാതൂരും (മാത്യു ഏബ്രഹാം) പ്രാർത്ഥിച്ച് 2-ാം തീയതി രാവിലെ വയനാട്ടിലേക്ക് യാത്ര ആരംഭിച്ചു.

### സുവിശേഷകന്മാരുടെ കൂട്ടായ്മ

വയനാട്ടിലെ എല്ലാ ബ്രദറൺ സഭാ സുവിശേഷകന്മാരും യാത്രയിൽ ഉടനീളം പങ്കെടുക്കുകയും വിവിധ ശുശ്രൂഷകൾ നിർവ്വഹിക്കുകയും ചെയ്തു. ക്രിസ്തീയദർശനം എല്ലാ സുവിശേഷകന്മാരോടുമുള്ള നന്ദി അറിയിക്കുന്നു. ദൈവം ധാരാളമായി അനുഗ്രഹിക്കട്ടെ



### നന്ദിപൂർവ്വം

കാനഡയിലെ കാൽഗറി സഭയുടെ പ്രാർത്ഥനയ്ക്കും സഹകരണത്തിനും വിശേഷാൽ സഹോദരൻ ബിജു മാത്യുവിനും വയനാട് ഔട്ട് റീച്ച് പ്രോഗ്രാമിന്റെ നാമത്തിലുള്ള നന്ദി അറിയിക്കുന്നു.



ഞങ്ങളും ഒപ്പമുണ്ട്...

മുഖപ്രസംഗം

# വയനാട് ഔട്ട് റീച്ച് ഐക്യതയുടെ സന്തോഷം



ക്രിസ്തീയ ദൗത്യം അഥവാ സുവിശേഷപ്രവർത്തനങ്ങളിൽ ആവശ്യം വേണ്ടത് യഥാർത്ഥ്യ കൂട്ടായ്മയിലൂടെയുള്ള ഐക്യതയാണ്. ഫിലമോൻ 1:5,6,7 വാക്യങ്ങളിൽ പൗലോസ് എന്ന വയോവൃദ്ധൻ ക്രിസ്തുനിമിത്തം ബന്ധനസ്ഥനും ആയിരിക്കുമ്പോൾ ഫിലോമോൻ മുഖാന്തിരം ലഭിച്ച കൂട്ടായ്മയെക്കുറിച്ച് പറയുന്നത് ശ്രദ്ധേയമാണ്. കൂട്ടായ്മയുടെ അത്യന്തികഫലം 7-ാം വാക്യത്തിൽ, 'സഹോദരാ നീ വിശുദ്ധന്മാരുടെ ഹൃദയം തണുപ്പിച്ചു." ഹൃദയം കത്തിക്കാൻ എളുപ്പമാണ്.ഹൃദയം തണുപ്പിക്കുവാൻ വളരെ പ്രയാസമാണ്. പഴയ നിയമത്തിൽ അനുകരണീയമായ ഒരു കൂട്ടായ്മ ആണ് ദാവീദും യോനാഥാനും തമ്മിൽ ഉണ്ടായിരുന്നത്. യോനാഥാന് ഒറ്റ വാക്കുകൊണ്ട് ദാവീദിനെ ഇല്ലാതാക്കാമായിരുന്നു. പക്ഷെ അവൻ ചെയ്തില്ല. അത് യഥാർത്ഥ കൂട്ടായ്മയുടെ ഊഷ്മളത വെളിപ്പെടുത്തുന്നു. ഒന്നുകൂടി വ്യക്തിമാക്കിയാൽ സഹോദരന്മാർ അന്യോന്യം വിശ്വസിക്കുമ്പോൾ ഉളവാകുന്നതാണ് യഥാർത്ഥ്യ കൂട്ടായ്മയുടെ ഐക്യത. ഇത് നമുക്ക് കൈമോശം വന്നുവോ? ഇല്ല എന്നാണ് 2023 ജനുവരി 3,4,5 തീയതികളിൽ വയനാട് ജില്ലയിൽ നടന്ന ബോധവത്ക്കരണ സന്ദേശയാത്രയുടെ അനുഭവം. മുഴുവൻ പ്രാദേശിക ബ്രദറൺ സഭകളും എല്ലാ സുവിശേഷകന്മാരും മൂപ്പൻമാരും ഒന്നിച്ച് അണിചേർന്ന സുവിശേഷ മുന്നേറ്റം. സുവിശേഷം പരമാവധി ആളുകളിൽ എത്തിക്കുവാൻ പ്രാർത്ഥനാപൂർവ്വം നടത്തപ്പെട്ട ഒരു പ്രയത്നം കൂടി സഫലമായി. ദൈവം നിലനിൽക്കുന്ന ഫലങ്ങൾ നൽകട്ടെ.

ബഹുമാനപ്പെട്ട കേരള സർക്കാർ ലഹരിക്കെതിരെ നടത്തുന്ന നവമുന്നേറ്റത്തിൽ ഈ പ്രവർത്തനങ്ങൾ അതിന്റെ സാമൂഹിക ഉത്തരവാദിത്വം നിറവേറ്റി. ബഹു. കേരളാ പോലീസ്, എക്സ്സൈസ് ഡിപ്പാർട്ട്മെന്റുകൾ നിർലോഭമായ സഹകരണങ്ങൾ നൽകി.

സുവിശേഷ വിഹിത സഭകളുടെ ഇടയിൽ എക്കാലത്തും പ്രശ്നങ്ങൾ ഉള്ളത് സുവിശേഷ വയലുകളിലാണ്. എന്താണ് ഇതിന്റെ അടിസ്ഥാന കാരണം? ഇതിന് ഉത്തരം കണ്ടെത്താൻ ബൈബിളിന്റെ ആദ്യ പുസ്തകമായ ഉല്പ: 4-ാം അദ്ധ്യായത്തിലേക്ക് പോകണം.. അവിടെ രണ്ട് സഹോദരന്മാർ ദൈവത്തിന് വഴിപാട് അർപ്പിച്ച ചരിത്രം കാണാം. അവർ കായിനും ഹാബേലുമായിരുന്നു. ദൈവം ഹാബേലിന്റെ വഴിപാടിൽ പ്രസാദിക്കുകയും, കായിന്റേതിൽ പ്രസാദിച്ചതുമില്ല. പക്ഷെ ആ വേദഭാഗത്ത് രേഖപ്പെടുത്തിയിരിക്കുന്ന ചില പരാമർശങ്ങൾ വളരെ ഗൗരവതരമാണ്. കയീന് ഏറ്റവും കോപമുണ്ടായി, അവന്റെ മുഖം വാടി, അവനിൽ നിന്ന് നന്മ മാറിപ്പോയി, പാപം അവനിൽ പ്രവേശിച്ചു! അവൻ കൊലപാതകനായിത്തീർന്നു. എത്ര വിചിത്രമായ മാറ്റങ്ങൾ. ഒരാളുടെ ആരാധനയിൽ, ശുശ്രൂഷകളിൽ, പ്രസാദിക്കുകയെന്നത് ദൈവത്തിന്റെ പരമാധികാരത്തിൽപ്പെട്ടതാണ്. അതിന്റെ പേരിൽ മനുഷ്യർ തമ്മിൽ യുദ്ധം നടത്തേണ്ട കാര്യം എന്താണ്!

കൂട്ടായ്മ (Fellowship) എന്നത് കേവലം ഒരു സാമൂഹിക ബന്ധം അല്ല. യോഹന്നാൻ അപ്പോസ്തോലൻ അതിനെ നിർവ്വചിക്കുന്നത്, 'എന്നോട് കൂടെ നിത്യ ജീവന്റെ പങ്കാളിയാണ് എന്റെ കൂട്ടുകാരൻ എന്നാണ്.' ഒരു യഥാർത്ഥ വിശ്വാസിക്ക് ഒരിക്കലും വേർപിരിയാൻ കഴിയില്ല. അവർ സുവിശേഷീകരണത്തിൽ കൂട്ടാളികൾ, ദൈവതേജസ്സിന് കൂട്ടാളികരൾ, ദിവ്യ സ്വഭാവത്തിനും കൂട്ടാളികൾ ആയിരിക്കും.

"കൂട്ടായ്മയുടെ വലംകൈ എന്ന പ്രയോഗം എത്ര സുന്ദരമാണ്". കൂട്ടാളികൾ ആയിരിക്കേണ്ടവർ വിരോധികളായാൽ സ്ഥിതി പരമദയനീയമാണ്. യേശു കർത്താവ് അത് ഒരിക്കലും ആഗ്രഹിക്കുന്ന കാര്യമല്ല. സ്വർഗ്ഗരാജ്യത്തെ യേശു ഉപമിച്ചത് കടുക് മണിയോടാണ്. ഭൂമിയിൽ വിതയ്ക്കുമ്പോൾ ഏറ്റവും ചെറിയ വിത്ത്, പക്ഷെ കടുകിന്റെ ഉള്ള് നിറയപ്പെട്ടതാണ്. മറ്റൊരു നിലയിൽ പറഞ്ഞാൽ ആ വിത്ത് സമ്പൂർണ്ണമാണ്. വിതക്കപ്പെടുന്ന വിത്ത് സമ്പൂർണ്ണമായിരിക്കണം. സ്വർഗ്ഗരാജ്യം സമ്പൂർണ്ണതയുടെ പര്യായമാണ്. അതുപോലെ നാം വിതയ്ക്കുന്ന സുവിശേഷം കുറവില്ലാത്തതും പൂർണ്ണവും സർവ്വഗുണസമ്പന്നവുമാണ്.

നമ്മുടെ രക്ഷിതാവും കർത്താവും ആയവൻ വരുവാൻ അടുത്തിരിക്കുന്നു. ലോകത്തിന്റെ സാമൂഹ്യ രാഷ്ട്രീയ പരിതസ്ഥിതികൾ എത്രമാത്രം അനുകൂലമായി തുടരും എന്ന് പറയുവാൻ ആവില്ല. പകലുള്ളടത്തോളം വിളിച്ചവന്റെ വേല ചെയ്യാം. പകൽ കഴിയാറായി. ആർക്കും പ്രവൃർത്തിച്ചുകൂടാത്ത രാത്രി വരുന്നു. സ്ഥിതിഗതികൾ ഇത്രഗുരുതരമാണെന്നിരിക്കെ നമുക്ക് അലസത വെടിയാം, ഭിന്നതവെടിയാം ഒരേ ലക്ഷ്യത്തിന് വേണ്ടി ലാക്കിലേക്ക് കൈയ്മെയ് മറന്ന് ഓടാം. കർത്താവ് നമ്മെ ധാരാളമായി സഹായിക്കട്ടെ. അത്യുന്നതന്റെ കൃപയിൽ മാത്രം ശരണപ്പെടാം. ഐക്യമത്യം മഹാബലം; ഐക്യത തരുന്ന സന്തോഷം അതുല്യമാണ്.

ധ്യാനം






ജെഫിൻ സജി ജോൺസ്

# പായുന്ന വർഷം ..

**2022** അതിന്റെ 365.25 ദിവസവും വേഗം കടന്നു പോയി. തുടക്കവും നമുക്ക് വളരെ അടുത്ത് അറിയാൻ കഴിഞ്ഞു. 2023 ന്റെ ദിവസങ്ങൾ വേഗം ആരംഭിച്ചു. ശരവേഗത്തിൽ ഇതും കടന്നുപോകും. ഓരോ വർഷം മുൻപോട്ട് പോകുമ്പോഴും നമ്മുടെ ആയുസ്സിന്റെ കണക്കു പുസ്തകത്തിൽതാളുകൾ നാം അറിയാതെ മറിഞ്ഞ് പോകുന്നു. കഴിഞ്ഞ വർഷത്തിന്റെ ഓരോ ദിവസവും നമ്മുടെ ഓർമ്മയുടെ പടവുകളിൽ താഴ്ച്ചയാണോ? ഉയർച്ചയാണോ എന്ന ചിന്തിക്കേണ്ടത് അനിവാര്യം.

രോഗവും, ദുഃഖവും, വേദനയും, നഷ്ടങ്ങളും ഒരു വശത്ത് വിശാലമായി കിടക്കുമ്പോഴും നമ്മുടെ സന്തോഷത്തിന്റെ, നേട്ടത്തിന്റെ, അനുഗ്രഹത്തിന്റെ നേരിയ വെളിച്ചം നമ്മുടെ ജീവിതത്തിന്റെ നാളുകളെ ഒരു ചെറു പുഞ്ചിരിയോടുകൂടെ നോക്കി കാണുവാൻ നമുക്ക് സാധിച്ചു എന്നത് ഒരു നാഴികക്കല്ലാണ്. എന്നാൽ ചെയ്യാൻ ആഗ്രഹിച്ച് തീരുമാനിച്ച പലതും നമുക്ക് കഴിഞ്ഞിട്ടില്ല എന്നത് ഒരു വേദനയയാണ്. "തക്കസമയയത്ത്" ചെയ്യാനുള്ള ആർജ്ജവം നമുക്ക് കൈവരിക്കേണ്ടുന്ന സമയമടുത്തു.

റോമ: 5:6-ൽ കർത്താവിൻറെ ആത്മാവ് രേഖപ്പെടുത്തിയിരിക്കുന്ന ഒരു വാക്കുണ്ട്. "തക്കസമയത്ത്" നമ്മുടെ ജീവിതത്തിലും ഈ വാക്കിന് വളരെ പ്രാധാന്യമുണ്ട്. കർത്താവായ യേശുക്രിസ്തു തക്കസമയത്ത് പാപികൾക്ക് വേണ്ടി മരിച്ചു എന്നത് നമുക്ക് വിസ്മരിക്കുവാൻ കഴിയുമോ? ഒരു നാളും ഇല്ലാ.

കാരണം, കർത്താവായ യേശുക്രിസ്തു നമുക്ക് വേണ്ടി മരിച്ച് തന്റെ സ്നേഹം കാൽവറി ക്രൂശിൽ പ്രദർശിപ്പിച്ചത് നാം രക്ഷിക്കപ്പെട്ടതിന് ശേഷം അല്ലാ. മറിച്ച്, നാം പാപികൾ ആയിരിക്കുമ്പോൾ, നാം നികൃഷ്ടരായിരുന്നപ്പോൾ, നാം അഭക്തരായിരുന്നപ്പോൾ, നാം ഈ ലോകം കണ്ടതിൽ വച്ച് ഏറ്റവും കൊള്ളരുതാത്തവർ ആയിരുന്നപ്പോൾ...

ഈ ചിന്ത നമ്മളിൽ ഉണ്ടോ? ഈ ഭാരം നമ്മെ ഭരിക്കുന്നുണ്ടോ? ഈ തിരിച്ചറിവ് നമുക്ക് ഉണ്ടാകുന്നുണ്ടോ? അങ്ങനെയെങ്കിൽ 2023-ൽ, അതിന്റെ ഓരോ നിമിഷങ്ങളിലും നമ്മെ സ്നേഹം കൊണ്ട് നില നിർത്തിപോരുന്ന കർത്താവിന്റെ സാക്ഷിയായി അന്തസ്സോടെ അഭിമാനത്തോടെ ജീവിക്കുവാൻ ഒന്നു ശ്രമിച്ചുകൂടെ?

സ്വയം ക്രമീകരിച്ച് നമുക്ക് ഒന്ന് ജീവിച്ച് തുടങ്ങിയാലോ? ഒന്ന് മാറിയാലോ? നമുക്ക് ഒന്ന് ശ്രമിച്ച് നോക്കാമെന്നേ. നാം അങ്ങനെയൊരു തയ്യാറെടുപ്പ് എടുക്കുന്നു എങ്കിൽ നമ്മളിൽ മാറ്റങ്ങൾ വരും. നമുക്ക് അഭിമാനത്തോടെ ആവേശത്തോടെ 2023 നെ വരവേൽക്കാം, ഒപ്പം 2023 ന്റെ ഒടുവിൽ ചിലത് നേടിയ അഭിമാനത്തോടെ ദൈവ സന്നിധിയിൽ നിവർന്ന് നിന്ന് കർത്താവിനെ സ്തുതിക്കുവാൻ പിൻതലമുറയ്ക്ക് ഒരു മാതൃകയാവാൻ നമ്മുടെ ജീവിതങ്ങൾക്ക് കർത്താവിന്റെ അമിത ബലത്തിൽ, അതിന്റെ ആത്മീയ ആശ്രയത്തിൽ കഴിയട്ടെ...

ക്രിസ്തീയ ദർശനം
CHRISTHEEYA DARSANAM

ലേഖനം
അയയ്ക്കേണ്ട വിലാസം
**Saji John Varickamakkal**
Christheeyadarsanam,
Kariamplave P.O.
689615,
Ph: 9562642509

**email:**
**cdranni2020@gmail.com**

വരിസംഖ്യ & സംഭാവന
**South Indian Bank, Ranni**
**A/c. No. 0322053000008302**
**IFSC Code : SIBL0000322**

എഡിറ്റർ : സജി ജോൺ 9562642509
പബ്ലീഷർ : രാജ കെ. തോമസ്
എഡിറ്റോറിയൽ ബോർഡ്
ചാണ്ടപ്പിള്ള ഫിലിപ്പ് ജെയിംസ് എം. തോമസ്
സജീവ് വർഗീസ് ഇ. എസ്. റെജി
വി. എം. പോൾ കെ. എസ്. ജോസഫ്
സാമുവേൽ ജോൺ ബിജോയ് തുടിയൻ
പി. എം. സാമുവേൽ സാം ഫിലിപ്പ്
പോൾ പി. സ്കറിയ ജിജു ജോർജ്ജ്
ഷോൺ സാജൻ ഫിലിപ്പ്സ്
മാനേജിംഗ് എഡിറ്റർ ജെഫിൻ സജി ജോൺസ്, 9446400331
സർക്കുലേഷൻ മാനേജർ ജോയൻ സജി ജോൺ
വിദേശ പ്രതിനിധികൾ
റോജി വർഗീസ്, ഹാൻലി തോമസ്, എം. ഒ. മോഹൻ, ബിജു മാത്യു, ലാൻസി സാമുവേൽ, തോംസൺ ഡാനിയേൽ ജോൺ, അനു മാത്യു, ജെൻ സജി ജോൺസ്, ബഞ്ചമിൻ ജോർജ്ജ്, ജേക്കബ് ജോർജ്ജ്, സജി തോമസ്, ജയ്സൺ. പി. ഏബ്രഹാം, ഗ്ലാഡ്ലി ജോസഫ് ദോഹ

MBC MINISTRIES
Expounding The Word

മലയാളത്തിൽ ആദ്യമായി
വേദവ്യാഖ്യാനശാസ്ത്രം അടിസ്ഥാനമാക്കി ആഴത്തിലും സന്തുലിതമായും തിരുവെഴുത്തിനെ വിശദീകരിക്കുന്ന
മലയാളം ബൈബിൾ കമെന്ററി



സന്ദർശിക്കുക
malayalambiblecomm.wixsite.com/mbcministries

മലയാളം ബൈബിൾ കമെന്ററി


മലയാളത്തിൽ ആദ്യമായി
- ഉയർന്ന നിലവാരത്തിൽ
- വിരൽ തുമ്പിൽ
- സൗജന്യമായി

സവിശേഷതകൾ
- ദൈവശാസ്ത്രപരമായ പശ്ചാത്തലം
- വാക്കുകളുടെ ശരിയായ അർത്ഥം
- ശരിയായ വ്യാകരണ വിശകലനം
- എല്ലാ വാക്യങ്ങൾക്കും സന്തുലിത വിശദീകരണം
- ദൈവീക വീണ്ടെടുപ്പിൻ ചരിത്രത്തിൽ ലേഖനത്തിനുള്ള സ്ഥാനം
- ലേഖനത്തിന്റെ ഇക്കാലത്തെ പ്രസക്തി
- Greek Text അടിസ്ഥാനമാക്കിയുള്ള വിശദീകരണം

Johnson Poomala 91 9400503238
malayalambiblecommentary@gmail.com

ലേഖനം 20

# യോസേഫിന്റെ ജീവിതവിശുദ്ധി– നമുക്കൊരു മാതൃക





ജെയിംസ് എം. തോമസ്

സഹോദരൻമാരെ നന്നായി അറിയുന്ന യോസഫിനെ കഴിഞ്ഞ ലക്കത്തിൽ നാം കണ്ടു. അവരുടെ ജീവിതത്തിന്റെ ദുഷ്ടതയുടെ തിക്തഫലങ്ങൾ ഏറെ അനുഭവിച്ചവനാണ് യോസേഫ് എന്നതും ഏറെ ശ്രദ്ധേയമാണ്. എന്നാൽ അവൻ അവരിൽ നിന്നെല്ലാംമ എത്ര വ്യത്യസ്തനാണ് ! ഒരു ഉത്തമ ഭക്തന്റെ അനുഗ്രഹീത ചിത്രം യോസഫിലൂടെ ദൈവാത്നമാവ് നമുക്ക് നൽകുന്നു. എത്രയധികം വേദനകൾ സഹോദരൻമാരിൽ നിന്ന് അനുഭവിച്ചിട്ടും അവരെ കരുതുകയും സ്നേഹിക്കുകയും ചേർത്തയ്ക്കുകയും ചെയ്യുന്ന വിശ്വസ്തനായ യോസഫിലേക്കാണ് നാം തുടർന്ന ശ്രദ്ധ ചെലുത്തുവാൻ പോകുന്നത്.

ഉല്പത്തി 43:16,17 വാക്യങ്ങൾ ശ്രദ്ധിച്ചായും: അവരോടുകൂടെ ബെന്യാമീനെ കണ്ടപ്പോൾ അവൻ തന്റെ ഗൃഹവിചാരകനോട്; നീ ഈ പുരുഷന്മാരെ വീട്ടിൽ കൂട്ടികൊണ്ടുപോക; അവർ ഉച്ചയ്ക്ക് എന്നോടുകൂടെ ഭക്ഷണം കഴിക്കേണ്ടതാകയാൽ മൃഗത്തെ അറുത്ത് ഒരുക്കിക്കൊൾക എന്ന് കല്പിച്ചു. യോസേഫ് കല്പിച്ചതുപോല അവൻ ചെയ്തു; അവരെ യോസഫിന്റെ വീട്ടിൽ കൂട്ടിക്കൊണ്ടുപോയി.” സഹോദരന്മാർ യേസേഫിന്റെ കല്പനപ്രകാരം അവന്റെയടുക്കൽ നിന്ന് ബെന്യമീനെ കൂട്ടികൊണ്ടുവന്നതാണ് ഇതിവൃത്തം. അവർക്ക് യേസേഫിനെ തിരിച്ചറിയാനായില്ലെങ്കിലും യോസേഫിന് അവരേയും അവരുടെ സംഭാഷണവുമെല്ലാം പൂർണ്ണമായും മനസ്സിലാകുന്നുണ്ടായിരുന്നു. ഇപ്പോൾ ദീർഘവർഷങ്ങൾക്ക് ശേഷം തന്റെ അനുജനായ ബെന്യാമീനെ യോസഫ് കാണുകയാണ്. എത്ര വികാരവായ്പ്പ് അവനുണ്ടായി. എന്നാൽ ഈ സമയത്തും അവൻ തന്നെത്താൻ വെളിപ്പെടുത്തത്തുന്നില്ല. അവർക്കു തിരിച്ചറിയാൻ കഴിയാതിരുന്നപ്പോഴും അവർ പോലും അറിയാതെ യോസേഫ് വിശ്വസ്തതയും സ്നേഹവും കരുതുകയും അവർക്ക് നൽകി. അവരെ വീട്ടിലേക്കു കൂട്ടിക്കൊണ്ടുപോകുവാൻ കല്പന നൽകി. തന്റെ സഹോദരൻമാരിൽ നിന്ന് വ്യത്യസ്തമായ ഉത്തമയായ ഒരു ഗുണം യോസേഫിൽ നാം കാണുന്നു. എന്താണത്? ഏതു സാഹചര്യത്തിലും ദൈവഹിതപ്രകാരം മാത്രമെ അവൻ പെരുമാറുകയുള്ളൂ. പാപം അതിന്റെ വശ്യതയോടെ മാടിവിളിച്ചാ... എത്ര സമ്മർദ്ദങ്ങൾ ഏറിയാലും ഉന്നതവും സ്ഥിരതയുള്ളതുമായ ആത്മീക ബോധവും പ്രവർത്തിയും അവനിലുണ്ടാകും. ഒരു സ്വയശോധനയ്ക്ക് തയ്യാറാകുമോ? ‘ചേരയെ തിന്നുന്ന നാട്ടിൽ ചെന്നാൽ നടുത്തുണ്ടം തിന്നണം.’ എന്നുള്ളത് അസ്ഥിരമായ സ്വഭാവവവും ലോകത്തിന്റെ പ്രമാണവുമാണ്. നമ്മുടെ ദൈവത്തിന്റെ സ്വഭാവവും മാറ്റമില്ലാത്തതാണല്ലോ? അതുകൊണ്ടണ്ടാണല്ലോ നാം മുടിഞ്ഞുപോകാതിരിക്കുന്നത്?

> **നമ്മുടെ രക്ഷിതാവും നമ്മെ വിരുന്നുവീട്ടിലേക്കു കൂട്ടികൊണ്ടുപോയല്ലോ? സ്നേഹക്കൊടി നമുക്ക് മീതെ പിടിച്ചുവല്ലോ? അവിടുത്തെ പന്തീഭോജനത്തിൽ നമുക്കും അവകാശം തന്നല്ലോ?**

പതിനേഴാം വാക്യത്തിൽ യോസേഫ് കല്പിച്ചുപോലെ ഗൃഹവിചാരകൻ ചെയ്തു. എന്താണ് യോസേഫിന്റെ ക്ല്പയനുസരിച്ച് അവൻ ചെയ്തത്.? ഒരിക്കലും മിസ്രയീമിൽ അവർക്കു ചിന്തിക്കുവാൻ പോലും കഴിയാത്ത നന്മകളാണ് അവർ യോസേഫിന്റെ വീട്ടിൽ കൂട്ടിക്കൊണ്ടുപോയി! അവർക്കായി മൃഗത്തെ അറുത്ത് ഒരുക്കി! അവർ യോസേഫിനൊടൊപ്പം ഉച്ചഭക്ഷണം കഴിച്ചു. അത് കണ്ണാൽ ഈ കൃപയുടെ ചിത്രം കാണുമ്പോൾ എത്ര ആശ്ചര്യം ഹൃദയത്തിൽ നിറയും. ഇത്ര ദ്രോഹികളായ സഹോദരൻമാരോട് ഇത്ര ദയയോടെ എങ്ങനെ നല്ലവനായി യോസേഫിന് പെരുമാറുവാൻ കഴിഞ്ഞു? അതുതന്നെയാണ് യോസേഫിന്റെ സ്വഭാവത്തിന്റെ ശ്രേഷ്ഠതയും നമുക്കുള്ള മാതൃകയും! നമ്മുടെ രക്ഷിതാവും നമ്മെ വിരുന്നുവീട്ടിലേക്കു കൂട്ടികൊണ്ടുപോയല്ലോ? സ്നേഹക്കൊടി നമുക്ക് മീതെ പിടിച്ചുവല്ലോ? അവിടുത്തെ പന്തീഭോജനത്തിൽ നമുക്കും അവകാശം തന്നല്ലോ? ഹൃദയം നിറയുന്ന നന്ദിയോടെ നമുക്കു തിരുനാമത്തെ ഉയർത്താം.

43:34; “അവർ പാനം ചെയ്ത് അവനോടുകൂടെ ആഹ്ളാദിച്ചു.” ജീവകരക്ഷയ്ക്കായി ധാന്യം വാങ്ങുവാനവ് പരദേശികളായി വന്നവർ രാജ്യത്തിലെ രണ്ടാമത്തെനൊപ്പം പാനം ചെയ്ത് അവനോടുകൂടെ ആഹ്ലാദിക്കുന്നു! ഇതെത്ര അത്ഭുതം. ആഹാരത്തിനുള്ള ധാന്യം തേടി വന്നവരുടെ കൂട്ടത്തിൽ കാത്തുനിൽക്കേണ്ടവർ! ഒരു പക്ഷെ വല്ല സത്രത്തിലോ പാകം ചെയ്ത് വിശപ്പടക്കേണ്ടവർ! എന്നാൽ അവർ ഇപ്പോൾ സിംഹാസനം കൊണ്ടു മാനം രണ്ടാമത്തെ നല്ലവനായ യോസേഫിന്റെ വീട്ടിൽ, മേശയിങ്കൽ അവനോടൊപ്പം പാനം ചെയ്ത് ആഹ്ലാദിക്കുന്നു. നല്ലവനായ യോസേഫിനുമാത്രം ചെയ്യനാകുന്ന ദയ! നമ്മുടെ രക്ഷിതാവിന്റെ നിഴലായി നമുക്കു യോസേഫിനെ ദർശിക്കാം. യാതൊരു യോഗ്യതകളും ഇല്ലാത്ത നമ്മെ കൃപയിൽ നിന്നുയർത്തി രാജാധിരാജാവും കർത്താധിസകർത്താവുമായ പ്രാണനാഥന്റെ മുഖം കണ്ട് ആഹ്ലാദിക്കാൻ നമുക്ക് നൽകപ്പെട്ട ദൈവകൃപ എത്ര മനോഹരം! തിരുനാമം മാത്രം മഹത്ത്വപ്പെടട്ടെ; ആമേൻ.

## സഭാദൂത് – 6

# ചാവാറായ ശേഷിപ്പുകളെ ശക്തീകരിക്ക





ഡോ: സനീഷ് ചെറിയാൻ

അപ്പോസ്തലനായ യോഹന്നാന്റെ കാല ത്ത് ഏഷ്യാ മൈനറിൽ ഉണ്ടായിരുന്ന 7 സ്ഥലം സഭകൾക്ക് പരിശുദ്ധാത്മ പ്രേരിതനായി അദ്ദേഹം എഴുതിയ ദൂതുകളും അതിലെ പ്രധാന പരാമർശങ്ങളും എക്കാലത്തെയും ക്രിസ്തീയ വിശ്വാസകൾ വളരെ പ്രാധാന്യത്തോടെ ശ്രദ്ധിക്കേണ്ട വിഷയങ്ങളാണ്. ഓരോ സഭകൾക്കും അവരുടെകുറവുകളും മേന്മകളും ചൂണ്ടിക്കാണിച്ചു കുറവുകൾ തിരുത്തുവാനുള്ള സന്ദേശമാണ് യോഹന്നാനിലൂടെകർത്താവ് നൽകിയിരിക്കുന്നത്.

ആധുനികകാലത്തെ സ്ഥലം സഭകളും കർത്താവ് തന്റെ ദാസന്മാർ മുഖാന്തരം ചൂണ്ടിക്കാണിക്കുന്ന കുറവുകൾ നികത്തി ദൈവവചന വ്യവസ്ഥിതിയിൽ മുന്നേറുവാൻ ഉത്തരവാദിത്തമുണ്ട്.

മുൻപ് നാം കണ്ട രണ്ടു സഭകളോടുള്ള ബന്ധത്തിലുംഅവർആയിരുന്ന സമൂഹത്തിന്റെ അധാർമ്മിക പ്രകൃതം സഭയിലെ വിശ്വാസികളെ സ്വാധീ-നി-ക്കു-ന്നതുംഅതിൽ ന്യായീകരണങ്ങൾ കണ്ടെത്തുന്നതും കാണുന്നു. സഭ ലോകത്തിൽ ആയിരിക്കുന്നു. എങ്കിലും ലോകത്തിന്റെ സമ്പ്രദായങ്ങൾ സഭയെ സ്വാധീനിക്കുവാൻ, അതിൽ ന്യായീകരണങ്ങൾ കണ്ടെത്തുവാൻ കർത്താവ് സഭയെ കുറിച്ച് ആഗ്രഹിക്കുന്നില്ല എന്നത് ദൈവാത്മാവ് തന്റെ ദാസൻ മുഖാന്തരം വ്യക്തമാക്കുന്നു.

മാനസാന്തരപ്പെട്ട് മടങ്ങി വരിക എന്ന കർശന നിർദ്ദേശം നൽകുന്നു. ഇന്നത്തെ സഭകളോടും കർത്താവിനു പറയുവാനള്ളത് ഈ മടങ്ങിവരവിന്റെ സന്ദേശമാണ്. അത്രത്തോളം ഇന്നത്തെ വിശ്വാസ സമൂഹം ലോകവുമായി ഇടകലർന്നു പോയി. ലോകത്തിന്റെ ജാതീയആഘോഷങ്ങൾക്ക് സുവിശേഷീകരണ സാധ്യതകൾ എന്ന ആത്മീക പരിവേഷം നൽകി വിശ്വാസസമൂഹത്തിലേക്ക് വലിച്ചിഴക്കുന്ന പ്രവണത സകലസീമകളും ലംഘിച്ചു മുന്നേറുന്നു. തന്മൂലം മറ്റു മതസ്ഥരും വിശ്വാസികളും തമ്മിൽ അന്തരം എന്ത് എന്നത് പോലും ഇന്നത്തെ വിശ്വാസികൾക്ക് അറിയില്ല. കാലത്തിനൊത്ത് കോലം തുള്ളുന്ന ആധുനികവിശ്വാസികൾക്ക് ഭയനിർദ്ദേശമായിസർദ്ദിസ് സഭാദൂത് നിലകൊള്ളുന്നു.

ആധുനികതുർക്കിയുടെ ഭാഗ മാണ് സർദ്ദീസ്. പുരാതന ലുദിയ പ്രവിശ്യയുടെ തലസ്ഥാനമായിരുന്നു. അർത്തെ മിസ്ദേവിയുടെ പേരിലുള്ള ക്ഷേത്രമായിരുന്നു ഈ പട്ടണത്തിലെയും പ്രധാന ആകർഷണം. ഇന്നും ഈ ക്ഷേത്രത്തിന്റെ അവശിഷ്ടങ്ങൾ ആ പ്രദേശത്ത്ഉണ്ട്. വിഗ്രഹാരാധനയും ജാതീയ ഉത്സവങ്ങളും സർദ്ദീസ് സഭയെയും സ്വാധീനിച്ചിരുന്നു. എങ്കിലും യോഹന്നാൻ ദൂത് എഴുതുന്ന സമയത്ത് പുറമേ വളരെ പേര് കേട്ട ഒരു സഭ ആയിരുന്നു സർദ്ദിസ്. ബാഹ്യപ്രവർത്തനങ്ങൾ മൂലം ആത്മീക അഭിവൃദ്ധിയുള്ളതെന്നു തോന്നിക്കുന്ന ഒരു സഭ. ആ നിലയിൽ മറ്റ് സഭകളേക്കാൾ കൂടുതൽ പ്രവർത്തനങ്ങളും അഭിവൃദ്ധിയുള്ള ഒരു സഭയെന്ന ഉന്നത ഭാവം സഭയ്ക്ക് ഉണ്ടായിരുന്നു എന്ന് ദൂതിൽ നിന്നും വ്യക്തമായി മനസ്സിലാക്കാവുന്നതാണ്.

നാം എന്തൊക്കെയോ ആണെന്ന്ചിന്തിച്ചു അഹങ്കരിച്ചു നിൽക്കുന്ന സമയത്ത് നാം ആരുമല്ലഎന്ന് തെളിയുമ്പോൾ ഉണ്ടാകുന്ന ഒരു അവസ്ഥയുണ്ടല്ലോ, ആ അവസ്ഥയാണ് സർദ്ദിസ് സഭയോടുള്ള ബന്ധത്തിൽ നൽകപ്പെട്ട ദൂത് വായിക്കുന്ന ഏതൊരു വിശ്വാസിക്കും ഉണ്ടാകുന്ന അനുഭവം. ഉണർവ്വിന്റെ ഭാവമുള്ള ഒരു സ്ഥലം സഭയായാണ ‘സർദ്ദിസ് സഭ നിലകൊള്ളുന്നത്. എന്നാൽ ദൈവാത്മാവ് ആ സഭയെക്കുറിച്ച് പറയുന്നത് “ജീവനുള്ളവൻ എന്ന് നിനക്ക് പേരുണ്ട് എങ്കിലും നീ മരിച്ചവൻ ആകുന്നു.” എന്നത്രേ (3:1).

ധാരാളംപ്രവർത്തനങ്ങൾ ഉള്ള സഭയായിരുന്നു സർദ്ദിസ് സഭ. പുറമേ നിന്ന് നോക്കുന്നവർക്ക് അത്രയും ആത്മീക ഔന്നത്യമുള്ള സഭ വേറെ ഉണ്ടായിരുന്നില്ല. എന്നാൽ ഉള്ളിൽസകലവിധ വിജാതീയ ദുരാചാരങ്ങളും, ദുരുപദേശങ്ങളും അധാർമ്മിക ജീവിതവും കൊണ്ട് മലീമസമായ ഒരു സഭ. ബാഹ്യപ്രവർത്തനങ്ങൾ കൊണ്ട് ആന്തരികമലിനതയെ തന്ത്രപൂർവ്വം മറയ്ക്കുവാൻ അവർക്ക് സാധിച്ചു.എന്നാൽകർത്താവ്സഭ-യുടെ പ്രവർത്തിയെ പരിശോധിക്കുമ്പോൾ അത് ദൈവസന്നിധിയിൽ പൂർണ്ണത ഉള്ളതായി കാണുന്നില്ല (3:2). ഇന്നുള്ള പലസ്ഥലം സഭകളുടെയും സ്ഥിതി ഇത് തന്നെയല്ലേ? പുറമേ ധാരാളം പ്രവർത്തനങ്ങൾ, സുവിശേഷ വേലകൾ, കൺവെൻഷനുകൾ, ക്യാമ്പുകൾ, വിവിധ യോഗങ്ങൾ തുടങ്ങി ആത്മീക ഭാവത്തിലുള്ള പ്രകടനങ്ങൾ എല്ലാംഉണ്ട്.എന്നാൽ ദുർന്നടപ്പിൽ ജീവിക്കുന്നവരും അടിസ്ഥാന തിരുവചന ഉപദേശങ്ങളെ പോലും നിഷേധിക്കുന്നവരും സഭയിൽ മുഖ്യസ്ഥാനം അലങ്കരിക്കുന്നു. ഒന്നിനും കുറവില്ല എന്ന്സ്വയം അഹങ്കരിച്ചു നിൽക്കുന്ന ഇത്തരം സഭകളെ കർത്താവ് നോക്കുമ്പോൾ അത് മരണത്തെ അഭിമുഖീകരിക്കുന്ന അവസ്ഥയിൽ ആയിരിക്കുന്നു.

പുറമേ ആത്മീക ആരോഗ്യം വ്യാജമായി പ്രദർശിപ്പിച്ചു, അകമേ ആത്മീകമായി പരാജയത്തിന്റെ പടു കുഴിയിൽ നിൽക്കുന്ന സഭയോട് കർത്താവ് നൽകുന്ന പ്രബോധനം ചാവാറായ ശേഷിപ്പുകളെ ശക്തീകരിക്ക എന്നതാണ്. ഭൂരി ഭാ ഗവും ലോകവുമായി ഇടകലർന്നു ആത്മീക അധഃപതനത്തിൽ അടിതെറ്റി വീണുകിടക്കുന്നു. അവർക്ക് ഒരു മാനസാന്തരം

▶▶7

## അനുഗ്രഹീതരായ സ്മരണീയർ 32



# ഹെർമൻ ഗുണ്ടർട്ട് : മലയാളത്തിന്റെ മഹാ മിഷ്യനറി

> പ്രധാനിയായ ഒരു വ്യക്തിയാണ് യൊഹാനസ് ഇവാൻജലിസ്റ്റ ഗോസ്നർ **(Johannes Evangelista Gossner)** അദ്ദേഹം എഴുതിയ മനുഷ്യ ഹൃദയം എന്ന ലഘുഗ്രന്ഥം യുവാവായ ഹെർമൻഗുണ്ടർട്ടിനെ രക്ഷാമാർഗം കണ്ടെത്തുവാൻഇടയാക്കി.



**ബിജോയ് തുടിയൻ**

**1814** ഫെബ്രുവരി 4-നു ജെർമനിയിലെ സ്റ്റുട്ട്ഗാർട്ടിൽ ലു ഡ്വിഗ്ഗുണ്ടർട്ടിന്റേയും ക്രിസ്റ്റ്യാന എൻസ്ലിയുടേയും മൂന്നാമ ത്തെ മകനായി ഹെർമൻ ഗുണ്ടർട്ട് ജനിച്ചു. 1812-ൽ ബ്രിട്ടീഷ് ബൈബിൾ സൊസൈറ്റി സ്റ്റുട്ട് ഗാർട്ടിൽ ഒരു ശാഖ ആരംഭിക്കു കയും ഹെർമൻഗുണ്ടർട്ടിന്റെ പിതാവ് ബൈബിൾ സൊസൈറ്റി യുടെ പ്രഥമ സെക്രട്ടറിയായി സേവനം അനുഷ്ഠിക്കുകയും ചെയ്തു. മാതാപിതാക്കളുടെ നല്ല ശിക്ഷണത്തിലും ആത്മീക അന്തരീക്ഷത്തിലും ആണ് ഹെർമൻ ഗുണ്ടർട്ട് വളർന്നുവന്നത്. ബൈബിൾ സൊസൈറ്റിയുടെ ഓഫീസ് സർക്കാർ സൗജന്യമായി നൽകിയിരുന്ന ഒരു കൊട്ടാരത്തിൽ ആയിരുന്നു. അവിടെയുള്ള പഴയകുതിരാലയം നിരവധി ബൈബിളുകളും മറ്റു ഗ്രന്ഥങ്ങളും നിറഞ്ഞുകിടന്ന ഒരുലൈബ്രറിയായി മാറി. ഇവിടെയെല്ലാമായിരുന്നു കൊച്ചു ഹെർമന്റെ കളിസ്ഥലങ്ങൾ. പിതാവ് ബൈബിൾ സൊസൈറ്റിയുടെ സെക്രട്ടറി ആയതുകൊണ്ടുതന്നെ അനേകസന്ദർശകർ അവരുടെഭവനത്തിൽ വരുകയും അവരിൽ പലരേയും ഹെർമൻഗുണ്ടർട്ടിനെ വല്ലാതെ ആകർഷിക്കുകയും സ്വാധീനിക്കുകയും ചെയ്തു. **അതിൽ പ്രധാനിയായ ഒരു വ്യക്തിയാണ് യൊഹാനസ് ഇവാൻജലിസ്റ്റ ഗോസ്നർ (Johannes Evangelista Gossner) അദ്ദേഹം എഴുതിയ മനുഷ്യ ഹൃദയം എന്ന ലഘുഗ്രന്ഥം യുവാവായ ഹെർമൻഗുണ്ടർ ട്ടിനെ രക്ഷാമാർഗം കണ്ടെത്തുവാൻഇടയാക്കി.** ആകാലങ്ങളി ൽ ലോകമെങ്ങും ഈ ചെറിയ പുസ്തകം വളരെ പെട്ടെന്ന് തന്നെ പ്രചരിച്ചിരുന്നു. **വർഷങ്ങൾക്ക് ശേഷം ഹെർമൻഗുണ്ടർട്ട് ഈപുസ്തകം മലയാളത്തിലേക്കും തർജ്ജമ ചെയ്ത്പ്രസി ദ്ധീകരിച്ചിട്ടുണ്ട്. ..** ഹെർമൻ സ്കൂൾ പഠനത്തിൽ വളരെയൊന്നും മുമ്പനായിരുന്നില്ല. ഹീബ്രു, ലത്തീൻ, ഗ്രീക്ക്, ഇംഗ്ലീഷ്, ഫ്രഞ്ച്, ചരിത്രം, ഭൂമിശാസ്ത്രം, ഗണിതശാസ്ത്രംതുടങ്ങിയവയെല്ലാം പഠിക്കാനുണ്ടായിരുന്നെങ്കിലും ഹെർമന് ഏറ്റവും ഇഷ്ടപ്പെട്ട വിഷയങ്ങൾ ചരിത്രവും ഭൂമിശാസ്ത്രവും ഗണിത ശാസ്ത്രവുമായിരുന്നു. 1831-ൽ ട്യൂബിങ്ങനിലെ സെമിനാരിയിൽ ചേർന്ന് പഠനം ആരംഭിച്ചു. പഠനത്തോടൊപ്പം ജർമ്മൻ ഭാഷയിലുള്ള ന്യൂസ്ഫ്രം ഹെതൻ വേൾഡ് എന്ന മാസികയ്ക്കു വേണ്ടി ലോകത്തിലെ വിവിധ രാജ്യങ്ങളിൽ നിന്ന് ലഭിക്കുന്ന മിഷനറി പ്രവർത്തനത്തെക്കുറിച്ചുള്ള വാർത്തകൾ ഇംഗ്ലീഷിൽ നിന്ന് മൊഴിമാറ്റം ചെയ്തുകൊണ്ടിരുന്നു. അതിൽകൂടുതലും ഇന്ത്യയിൽ നിന്നുള്ളതായിരുന്നു. ഇതുവഴി ഇന്ത്യ രാജ്യത്തെക്കുറിച്ചു ലഭിച്ച അറിവുകൾ ഹെർമൻഗുണ്ടർട്ടിനെ ഇന്ത്യയിലേക്ക് മിഷനറിയായി പോകണമെന്നുള്ള ആഗ്രഹം ഉടലെടുത്തു. പിന്നീട് ഈ ആഗ്രഹം കൂടുതൽ ശക്തമായിതീർന്നു. 1835 മാർച്ച് 25നു സെമിനാരിയിൽ ലോകപ്രശസ്തനായ പ്രാർത്ഥനാമനുഷ്യനും ബ്രിസ്റ്റോളിൽ അനാഥാലയം നടത്തിയിരുന്ന ജോർജ്ജ് മുള്ളർപ്രസംഗിക്കുവാൻ വന്നു. അദ്ദേഹത്തിന്റെ ആത്മനിറവിലുള്ള സന്ദേശവും പ്രോത്സാഹനം നിറഞ്ഞ വാക്കുകളും ഹെർമൻഗുണ്ടർട്ടിനെ ആവേശഭരിതനാക്കി. **പിന്നീട് ജോർജ്ജ് മുള്ളറുമായി ചില മണിക്കൂറുകൾ സംസാരിക്കാനിടയായതത്ജീവിതത്തെ പൂർണ്ണമായും മിഷനറി പ്രവർത്തനത്തിന് സമ ർപ്പിപ്പാൻ ഇടയാക്കി.**

ആ വർഷം തന്നെബ്രദറൺ മിഷനറിയായ ആന്റണിനോ റിസ് ഗ്രോവ്സുമായി പരിചയപ്പെടുവാൻ ഗുണ്ടർട്ടിന് ഇടയായി. ഇന്ത്യയിലുള്ളതന്റെ രണ്ട് മക്കളെപഠിപ്പിക്കുവാനായി ഒരു അദ്ധ്യാപകനെ അനവേഷിക്കുന്നുണ്ട് എന്ന കാര്യം ഗുണ്ടർട്ടിനോട്പറഞ്ഞു. കുറച്ചുനാളുകൾക്ക് ശേഷം ഹെർമൻഗുണ്ടർട്ട് അദ്ധ്യാപകനാകുവാനുള്ള സമ്മതം ആന്റണിനോറീസിനെ അറിയിക്കുകയും ചെയ്തു. സങ്കീർത്തനങ്ങൾ 37:4 ൽ പറഞ്ഞിരിക്കുന്നതു പോലെ 'അവൻ നിന്റെ ഹൃദയത്തിലെ ആഗ്രഹങ്ങളെ നിനക്ക്തരും'.

1835 ഒക്ടോബർ 2ന് ഗുണ്ടർട്ട്സ്റ്റുട്ട് ഗാർട്ടിൽ നിന്ന് ലണ്ടനിലേക്കുയാത്രതിരിച്ചു. അവിടെ ആന്റണിനോറിസിന്റെ സഹോദരിയുടെ ഭർത്താവായ ജോർജ് മുള്ളറിന്റെ ഭവനത്തിൽ ചിലമാസങ്ങൾ താമസിച്ചു. അവിടെ വെച്ച് ക്രിസ്തീയവിശ്വാസ ജീവിതത്തിന്റെ പ്രായോഗിക കാര്യങ്ങൾ ജോർജ്ജ് മുള്ളറിൽ നിന്നും പഠിക്കുവാൻ സാധിച്ചു. എങ്ങനെയാണ് ഒരു ക്രിസ്തീയ വിശ്വാസി കർത്താവിൽ ആശ്രയിച്ചു ജീവിക്കേണ്ടതെങ്ങനെയെന്ന് ഭക്തനായ ജോർജ് മുള്ളറുമായുള്ള സഹവാസ ത്തിൽ നിന്ന് യുവാവായ ഹെർമൻ ഗുണ്ടർട്ടിന് പഠിക്കുവാൻ ദൈവം ഇടയാക്കി.

1836 മാർച്ച് 1 ന് ബ്രിസ്റ്റോളിലെ കംബർലാൻറ് തുറമുഖത്തിൽ വലിയൊരു വിശ്വാസസമൂഹവും തന്റെ സുഹൃത്തുക്കളും ചേർന്ന് ഹെർമൻഗുണ്ടർട്ടിനെ ഇന്ത്യയിലേക്ക് യാത്രയാക്കി. ജോർജ്മുള്ളറിന്റെ പ്രാർത്ഥനയും ആശിർവാദത്തോടും കൂടെയായിരുന്നു യാത്ര ആരംഭിച്ചത്. ആകപ്പലിൽ ആന്റണി ഗോവ്സും മറ്റ് പലമിഷനറിമാരും ഉണ്ടായിരുന്നു. കപ്പലിൽ വെച്ച് തന്നെ പല ഇന്ത്യൻ ഭാഷകളും പഠിക്കുവാൻ ഹെർമൻ ഗുണ്ടർട്ടിന് കഴിഞ്ഞു. 1836 ജൂലൈ 7ന്- സുരക്ഷിതമായി കപ്പൽ മദ്രാസിൽ എത്തിച്ചേർന്നു.

ഗുണ്ടർട്ടിനു വളരെ വേഗം തന്നെ പുതിയ സാഹചര്യങ്ങളോട് താദാത്മ്യം പ്രാപിക്കുവാൻ സാധിച്ചു. പുതിയ ഭാഷകൾ പഠിക്കുവാനുള്ള പ്രത്യേക കഴിവ് ഗുണ്ടർട്ടിന് ഉണ്ടായിരുന്നതു കൊണ്ട് തെലുങ്കും തമിഴും പെട്ടെന്ന് പഠിക്കുകയും ചെയ്തു. മദ്രാസിലെ താമസവും സുവിശേഷ പ്രവർത്തനങ്ങളിലുള്ള ഗുണ്ടർട്ടിന്റെ താൽപ്പര്യവും ആത്മാർ ത്ഥതയും മനസിലാക്കിയ ആന്റണിനോറിസ് തന്റെ മക്കളുടെ പഠിത്തത്തെക്കാൾ സുവിശേഷ പ്രവർത്തനത്തിന് ഗുണ്ടർട്ടി ന്കൂടുതൽസ്വാതന്ത്ര്യം നൽകി. . കുറച്ചു നാളുകൾക്ക് ശേഷം മദ്രാസിൽനിന്ന്തിരുന്നൽവേലിയിലും, പിന്നീട് ആന്ധ്രായിലെ ചിറ്റൂരിലും സുവിശേഷ പ്രവർത്തനങ്ങളിൽ സജീവമായി. ഇവിടെ എല്ലാം പലമിഷനറി സംഘടനകളോട് സഹകരി ച്ചാണ് പ്രവർത്തിച്ചിരുന്നത്. ഈ സ്ഥലങ്ങളിലെല്ലാം ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ ആരംഭിക്കുകയും അതോടൊപ്പം തന്നെ തദ്ദേശീയഭാഷകളും പഠിപ്പിക്കുകയും ചെയ്തു പോന്നു. മാത്രമല്ല തദ്ദേശീയരായവർക്ക് അദ്ധ്യാപകപരിശീലനം നൽകു കയും ചെയ്തു.

1838 ജൂലൈ 23നു ആന്ധ്രായിലെ ചിറ്റൂരിൽ വെച്ച് മിഷനറി ജൂലിഡുബോസിനെ വിവാഹം കഴിച്ചു. പിന്നീട് ചിറ്റൂരിൽ നിന്ന് തിരുന്നൽ വേലിക്കടുത്തുള്ള പാളയം കോട്ടയി ലേക്കു പോകുകയും അവിടെപെൺ കുട്ടികൾക്കു വേണ്ടി ഒരു സ്കൂൾ ആരംഭിക്കുകയും ചെയ്തു. ഇതേ കാലയളവിൽ തന്നെ യാണ് ബാസൽ മിഷന്റെ പ്രവർത്തനത്തോടുള്ള ബന്ധത്തിൽ തന്റെ സഹപാഠി ആയിരുന്ന ഹെർമൻ മോഗ്ലിങ് മിഷനറിയായി മംഗലാപുരത്തുവരുന്നത്.

(തുടരും)



# DO YOU REMAIN SAVED AS LONG AS YOU KEEP THE FAITH?




**A**ssurance of permanence of our salvation is a doctrine that we hold as sacred and non-negotiable. However, there are some verses in the Bible that at least on the surface level seem to indicate that if we don't hold on or behave a certain way we are at the risk of losing our salvation. Often times we conveniently ignore such passages because we are not able to explain them to our satisfaction.


However, with the help of the Holy Spirit we should strive to seek clarity on these verses because our spiritual growth and stability depend on clear understanding of scripture.

**Let us consider the following two passages:**

"And you, who once were alienated and enemies in your mind by wicked works, yet now He has reconciled in the body of His flesh through death, to present you holy and blameless, and above reproach in His sight – if indeed you continue in the faith,

▶▶ 5

# BRETHREN DISTINCTIVES 22





Dr. Johnson C. Philip

# STAND ABOUT BAPTISM OF THE HOLY SPIRIT

Baptism of the Holy Spirit is a very important doctrine, and every Christian should have a clear understanding about what it is. The key to understanding exactly what the baptism of the Holy Spirit is found in 1 Corinthians 12:13 which says, "For by one Spirit are we all baptized into one body, whether we be Jews or Gentiles, whether we be bond or free; and have been all made to drink into one Spirit."

In the New Testament, Baptism is the act of taking a believer and immersing him totally and completely in water to show to the world that through faith this person has been united with Christ in his death, burial and resurrection. Thus whenever the Scripture talks of baptism, it is talking of an identification, union, or merging of two entities into one and any passage related to baptism can be understood only when this definition is kept in mind.

Baptism Of The Holy Spirit: Baptism of the Holy Spirit is totally a New Testament concept and such baptism did not exist in the Old Testament. In theNew Testament it was introduced in a prophecy when John The Baptist said: "I indeed baptize you with water unto repentance: but he that cometh after me is mightier than I, whose shoes I am not worthy to bear: he shall baptize you with the Holy Ghost, and with fire" ( Matthew 3:11).

Finally the day of Pentecost came with its manifestations and the disciplesimmediately understood that this was confirmation that what was promised, you shall be baptized with the Holy Spirit, has taken place. In the coming days God made it clear to the disciples that the dispensation known as Church was going to be totally different from what it used to be before. Earlier only Jews were God's chosen people, but now everyone -- Jews and Gentiles -- was going to be a part of this body. This is explained in 1 Corinthains 12:13 which says, "For by one Spirit are we all baptized into one body, whether we be Jews or Gentiles, whether we be bond or free; and have been all made to drink into one Spirit."

We know that we are all part of the body of Christ, and the Scripture equates us with members of the body. In Romans 12:5 we read "So we, being many, are one body in Christ, and every one members one of another". Obviously, in light of the above, we can understand that at the moment of our salvation, God the Holy Spirit takes us and unites us with the body of Christ, so that we become members of the body. "We are baptized into one body" or we are united into the body of Christ.

This process of taking a believer at the moment of his salvation and uniting him with the body of Christ is known in the word of God as "Baptism of the Holy Spirit".

Never before was anything like this, because before the day of Pentecost God dealt only with the Jew. However, now "whether we be Jews or Gentiles, whether we be bond or free" we are all one because all of us have been united into one and thesame body -- the body of Christ, through the baptism of the Holy Spirit.

Conversely, all who are born-again and who are members of the body of Christ are partakers in the Baptism of the Holy Spirit.

The Bible does not ask a child of God to wait for the Baptism of the Holy Spirit though God's children are commanded to take care of many other things with respect to the Holy Spirit (such as be ye filled with the Spirit, do not quench the Spirit, do not grieve the Spirit). This is again and indication that Baptism of the Holy Spirit is a divine activity that is totally independent of human yearning or craving for it.

It is to be noted that Corinth was a church made up of a mixed group of people. Some were highly spiritual while some were totally carnal and rebellious with many of them in between these states. However, the Spirit of God says that "all" of them were baptized. This is again an indication that baptism of the Holy Spirit is a process that God the Holy Spirit administers to all believers irrespective of their spiritual state.

This means that everyone who is born again is automatically given the Baptism of the Holy Spirit and is made a member of the body of Christ. Baptism of the Holy Spirit has nothing to do with a deeper Christian life or anything else related to practical Christian life. Nor is it equal to the filling of the Holy Spirit. Rather, it is an act of God the Holy Spirit whereby He joins us to the body of Christ which is also called the Universal Church. While God had a single race of people unto Him in the Old Testament, in the New Testament He chose both Jews as well as Gentiles to be a new race that was one not because of racial oneness but rather because of spiritual oneness. This spiritual oneness comes when the Holy Spirit takes a new believer and unites him with the "Body" of Christ so that today all who are saved are the body of Christ. This is the result of the baptism of the Holy Spirit,and thus the purpose of the baptism is to make us members of this universal body.

The realization that we have been made the members of the "body" of Christ should fill us with awe about our new status. This should in turn make us depend totally upon God the Holy Spirit so that we no longer live unto ourselves but unto God.

▶▶4

## DO YOU REMAIN SAVED AS ....

grounded and steadfast, and are not moved away from the hope of the gospel which you heard" (Colossians 1:21-23).

"Moreover, brethren, I declare to you the gospel which I preached to you, which also you received and in which you stand, by which also you are saved, if you hold fast that word which I preached to you – unless you believed in vain." ( 1 Corinthians 15:1-2).

As believers, maybe we need to continue holding on tightly to our confession in order to be saved!

These verses can strike fear in a believer. They seem to confirm the Calvinistic teaching of "Perseverance of the saints" which means that if we do not persevere till the end, it is an indication that we are not saved to begin with. So how do we understand these verses?

Thankfully, there are so many verses in the Bible that teach that this is not true. Let us refer to just a few verses: Hebrews 13:5; John 10:28; Romans 8:38-39; Hebrews 7:25. With these verses in mind what does Paul mean when he urges Colossians or Corinthians to hold on tight or continue?

When we read the Bible we tend to bring a modern-day slant to what we read. So our perspective can differ from how the early church thought as they read the New Testament. Today we are familiar withthe so called "sinner's prayer", "making a decision for Christ", "giving your heart to Jesus", "inviting Jesus into your heart", etc. All these jargon indicate a specific point in time when you know you were born again. The idea of "sinner's prayer" is only 200 years old. It is not found in the Bible. It is said to have originated in tent revivals. (Andrew Farley). Walking down the isle and saying a sinner's prayer is a modern phenomenon. But we should remember God is not merely interested in our words, but in our faith. For some, that moment of faith comes suddenly, but for some others it may be a process that takes place over time. They may not be able to pinpoint a specific moment when they were saved. It may have gradually come to them as they heard the message and processed it in their mind and gradually accepted the truth, eg. Jesus' disciples.

In the Colossian and Corinthian churches probably there were some people who heard the message, and were considering it, others had taste-tested, but not eaten the full meal. It is probably to these people Paul is telling to continue in the faith. Some were not holding fast the truth as they heard it. These verses are not in any way telling a believer that it is possible to lose their salvation if they don't hold on tight.

Salvation is not something we can hold on tight. It is a covenant God made with Himself (Hebrews 6:17-19). He is the one who has a firm grip on our salvation. He will never let it go. When we are saved we contain in ourselves an indestructible life (Hebrews 7:15-16). That is Jesus' life. As long as Jesus is alive our salvation is secure. 2 Timothy 2:13 says that He will never disown us. That is the beauty of the New Covenant. Remember, no power can snatch you out of His hand.

## എക്ളേസിയ എന്ന ദൈവസഭ



ഡോ. കെ. സി. ജോൺസൺ


# യേശുക്രിസ്തുവിന്റെ മടങ്ങിവരവിനോടുള്ള ബന്ധത്തിൽ ദൈവസഭാംഗങ്ങളുടെ ഉത്തരവാദിത്തങ്ങൾ

വെളിപ്പാടു പുസ്തകത്തിൽ കർത്താവുതന്നെ ആവർത്തിച്ച് വിശ്വാസികളെ ഓർപ്പിക്കുന്ന ഒരു സത്യമാണ് തന്റെ മടങ്ങിവരവ് "ഇതാ, ഞാൻ വേഗത്തിൽ വരുന്നു" എന്ന് വെളിപ്പാട് 22:7–ൽ ക്രിസ്തു അറിയിച്ചു. "ഇതാ, ഞാൻ വേഗം വരുന്നു; ഓരോരുത്തന് അവനവന്റെ പ്രവൃത്തിക്ക് തക്കവണ്ണം കൊടുപ്പാൻ പ്രതിഫലം എന്റെ പക്കൽ ഉണ്ട്" എന്ന് 22:12–ൽ വീണ്ടും കർത്താവ് ഓർപ്പിക്കുന്നു. അവസാനം 20–ാം വാക്യത്തിൽ "അതേ, ഞാൻ വേഗം വരുന്നു" എന്ന് യേശുക്രിസ്തു വീണ്ടും അരുളിച്ചെയ്തു. അതേ, നമ്മുടെ കർത്താവ് വേഗം വരുന്നു. കർത്താവിന്റെ മടങ്ങിവരവിനോടുള്ള ബന്ധത്തിൽ ദൈവസഭാംഗങ്ങളുടെ ഉത്തരവാദിത്തങ്ങൾ നിരവധിയുണ്ട്. അവയിൽ ചിലതിലേക്ക് അനുവാചകരുടെ ശ്രദ്ധയെ ക്ഷണിക്കുന്നു.

### 1. ഭക്തികേടും പ്രപഞ്ചമോഹങ്ങളും വർജ്ജിച്ച് ജീവിക്കുക

"നാം ഭാഗ്യകരമായ പ്രത്യാശെക്കായിട്ടും മഹാദൈവവും നമ്മുടെ രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ തേജസ്സിന്റെ പ്രത്യക്ഷതെക്കായിട്ടും കാത്തുകൊണ്ടു ഭക്തികേടും പ്രപഞ്ചമോഹങ്ങളും വർജ്ജിച്ചിട്ടു ഈ ലോകത്തിൽ സുബോധത്തോടും നീതിയോടും ദൈവഭക്തിയോടും കൂടെ ജീവിച്ചുപോരേണ്ടതിന്നു അതു നമ്മെ ശിക്ഷിച്ചുവളർത്തുന്നു" (തീത്തൊസ് 2:12, 13). ഭാഗ്യകരമായ പ്രത്യാശെക്കായിട്ടും മഹാദൈവവും നമ്മുടെ രക്ഷിതാവുമായ യേശുക്രിസ്തുിന്റെ തേജസ്സിന്റെ പ്രത്യക്ഷതെക്കായിട്ടും കാത്തിരിക്കുന്ന ദൈവസഭാംഗങ്ങളുടെ ജീവിതശൈലി എപ്രകാരമായിരിക്കണം എന്ന് അപ്പൊസ്തലനായ പൌലൊസ് ഈ ഭാഗത്ത് വ്യക്തമായി ഓർപ്പിക്കുന്നുണ്ട്. കർത്താവിന്റെ വരവിനെ കാത്തിരിക്കുന്ന ദൈവസഭാംഗങ്ങൾ ഭക്തികേടും പ്രപഞ്ചമോഹങ്ങളും വർജ്ജിക്കേണ്ടവരാണ്.

ദൈവവചനം നന്നായി അറിയാം എന്ന് അഭിമാനിക്കുന്ന അനേകരും ഇന്ന് ഭക്തികേടിലല്ലേ ജീവിക്കുന്നത്? ദൈവത്തെ ഭയവും മനുഷ്യനെ ശങ്കയുമില്ലാത്തവരുടെ എണ്ണം വിശ്വാസികളുടെ മദ്ധ്യത്തിൽപോലും വർദ്ധിച്ചു വരികയാണ്. ജഡമോഹം, കണ്മോഹം, ജീവനത്തിന്റെ പ്രതാപം തുടങ്ങിയ (1 യോഹ. 2:16) പ്രപഞ്ചമോഹങ്ങളുടെ കേളീരംഗമാണ് ഇന്ന് വിശ്വാസികളുടെ ഭവനങ്ങളും ജീവിതങ്ങളും. സിനിമയിലും ടെലിവിഷനിലും ഇറങ്ങിക്കൊണ്ടിരിക്കുന്ന ഏറ്റവും പുതിയ ഫാഷനുകൾ പ്രത്യക്ഷപ്പെടുന്ന വേദിയായിക്കൊ




ണ്ടിരിക്കുകയാണ് വിശ്വാസികളുടെ വിവാഹ ശുശ്രൂഷകളും മറ്റു പൊതു കൂടിവരവുകളും. കർത്താവിന്റെ വരവിനെ ആകാംക്ഷയോടെ കാത്തിരിക്കുന്നവർ ഈ ലോകത്തിൽ സുബോധത്തോടും നീതിയോടും ദൈവഭക്തിയോടും കൂടെ ജീവിക്കേണ്ട താണ്. നാം ഈ ദൈവിക നിലവാരത്തിൽ ജീവിക്കുന്നില്ലെങ്കിൽ ദൈവകൃപ (തീത്തൊസ് 2:11, 13) നമ്മെ ശിക്ഷിച്ചു വളർത്തുകയും ചെയ്യും.

### 2. വിശുദ്ധിയിൽ ജീവിക്കുക

"പ്രിയമുള്ളവരേ, നാം ഇപ്പോൾ ദൈവമക്കൾ ആകുന്നു. നാം ഇന്നതു ആകും എന്നു ഇതുവരെ പ്രത്യക്ഷമായില്ല. അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവനെ താൻ ഇരിക്കും പോലെ തന്നേ കാണുന്നതാകകൊണ്ടു അവനോടു സദൃശന്മാർ ആകും എന്നു നാം അറിയുന്നു. അവനിൽ ഈ പ്രത്യാശയുള്ളവൻ എല്ലാം അവൻ നിർമ്മലനായിരിക്കുന്നതുപോലെ തന്നെത്താന്നേ നിർമ്മലീകരിക്കുന്നു" (1 യോഹന്നാൻ 3:2, 3). കർത്താവു പ്രത്യക്ഷനാകുമ്പോൾ നാം അവനെ താൻ ഇരിക്കും പോലെ തന്നെ കാണുന്നതാകകൊണ്ട് കർത്താവിനോട് സദൃശന്മാർ ആകും എന്ന് യോഹന്നാൻ വളരെ വ്യക്തമായി ഈ ഭാഗത്ത് വിശ്വാസികളെ അറിയിക്കുകയാണ്. ഇതേ വസ്തുത പൌലൊസും ഫിലിപ്പ്യർക്ക് ലേഖനമെഴുതുമ്പോൾ അവരെ ഓർപ്പിക്കുന്നുണ്ട്. "നമ്മുടെ പൌരത്വമോ സ്വർഗ്ഗത്തിൽ ആകുന്നു; അവിടെ നിന്നു കർത്താവായ യേശുക്രിസ്തു രക്ഷിതാവായി വരും എന്നു നാം കാത്തിരിക്കുന്നു. അവൻ സകലവും തനിക്കു കീഴ്പെടുത്തുവാൻ കഴിയുന്ന തന്റെ വ്യാപാര ശക്തികൊണ്ട് നമ്മുടെ താഴ്ചയുള്ള ശരീരത്തെ തന്റെ മഹത്വമുള്ള ശരീരത്തോട് അനുരൂപമായി രൂപാന്തരപ്പെടുത്തും" (ഫിലി. 3:20, 21). ഈ പ്രത്യാശയുള്ളവർക്ക് ഒരു വലിയ ഉത്തരവാദിത്തം ഉണ്ട്. ക്രിസ്തുവിൽ ഈ പ്രത്യശയുള്ള ദൈവമക്കളെല്ലാവരും ക്രിസ്തു നിർമ്മലനായിരിക്കുന്നതു പോലെ തങ്ങളെത്തന്നേ നിർമ്മലീകരിക്കേണ്ടതാണ്. തുടർമാനമായ വിശുദ്ധീകരണത്തിന്റെ അനുഭവത്തിൽ പ്രത്യാശയുള്ള ദൈവസഭാംഗങ്ങൾ ജീവിക്കേണ്ടതാണ്.

### 3. സുവിശേഷവൽക്കരണം നിർവ്വഹിച്ചുകൊണ്ട് ജീവിക്കുക

ക്രിസ്തുവിന്റെ പ്രത്യക്ഷതയുടെ വാഗ്ദത്തം എവിടെ എന്നു ചോദിക്കുന്ന പരിഹാസികൾ ഈ കാലഘട്ടത്തിൽ എന്നതുപോലെ തന്നെ ഒന്നാം നൂറ്റാണ്ടിലും ഉണ്ടായിരുന്നു (2 പത്രൊസ് 3:3). അങ്ങനെയുള്ള പരിഹാസത്തിന്നു മറുപടിയായി വിശ്വാസികളെ ധൈര്യപ്പെടുത്തുന്ന പത്രൊസിന്റെ വാക്കുകൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. "ചിലർ താമസം എന്നു വിചാരിക്കുന്നതുപോലെ കർത്താവു തന്റെ വാഗ്ദത്തം നിവർത്തിപ്പാൻ താമസിക്കുന്നില്ല. ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇച്ഛിച്ചു നിങ്ങളോടു ദീർഘക്ഷമ കാണിക്കുന്നതേയുള്ളു" (2 പത്രൊസ് 3:9). കർത്താവിന്റെ വരവ് അൽപം താമസിച്ചതു കൊണ്ടാണ് നമുക്ക് രക്ഷിക്കപ്പെടുവാനും ദൈവസഭാംഗങ്ങൾ ആകുവാനും കഴിഞ്ഞത്. ആയതുപോലെതന്നെ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട ചിലരും കൂടി രക്ഷിക്കപ്പെടണം എന്നുള്ളതു കൊണ്ടാണ് കർത്താവിന്റെ വരവ് താമസിക്കുന്നത്. ആയതിനാൽ കർത്താവിന്റെ വരവിനെ ആകാംക്ഷയോടെ കാത്തിരിക്കുന്ന ദൈവസഭാംഗങ്ങൾക്കുള്ള വലിയ ഒരു ഉത്തരവാദിത്തമാണ് സുവിശേഷവൽക്കരണം. ഇത് സുവിശേഷകന്മാരുടെ മാത്രം ദൗത്യമല്ല; എല്ലാ വിശ്വാസികളും വിശ്വസ്തമായി നിർവ്വഹിക്കേണ്ട ഒരു ചുമതലയാണ്.

ഭക്തികേടും പ്രപഞ്ചമോഹങ്ങളും വർജ്ജിച്ച് ഈ ലോകത്തിൽ സുബോധത്തോടും നീതിയോടും ദൈവഭക്തിയോടും കൂടെ നമുക്ക് ജീവിക്കാം. വിശുദ്ധവും ദൈവത്തിന്നു പ്രസാദകരവുമായ സജീവ യാഗങ്ങളായി നമ്മെ ദൈവകരങ്ങളിൽ സമർപ്പിക്കാം. ചിലരെയെങ്കിലും അഥവാ ചിലരെക്കൂടെ നമുക്ക് തീയിൽനിന്നും വലിച്ചെടുത്തു രക്ഷിക്കാം. അങ്ങനെ കർത്താവിന്റെ വരവിനായി ആത്മാർത്ഥമായ ഒരുക്കത്തോടുകൂടി നമുക്ക് കാത്തിരിക്കാം. അതിനായി എല്ലാ ദൈവസഭാംഗങ്ങളേയും കർത്താവ് സഹായിക്കുമാറാകട്ടെ.

---



സിസ്റ്റർ ശാന്ത ജെ. ഫിലിപ്പ്

# കാർന്നു തിന്നുന്ന പാപം



*ശാന്ത മനസ്സ് ദേഹത്തിന് ജീവൻ*
*അസൂയയോ അസ്ഥികൾക്ക് ദ്രവത്വം (സദൃശ 14:30)*

നാം അസൂയ എന്ന പാപത്തിന് അടിമയാകുമ്പോൾ അത് നമ്മുടെ ശരീരത്തെ കാർന്നു തിന്നും. കുറേശ്ശെ കുറേശ്ശെയായി നമ്മുടെ ശരീരത്തെ തിന്നുന്നതുകൊണ്ട് നമ്മുടെ ശരീരത്തെ അത് ക്രമേണ നശി പ്പിക്കും. മുകളിൽ പറഞ്ഞരിക്കുന്നത് അസൂയയോ അസ്ഥികൾക്ക് ദൈവത്വം എന്നാണ്.

ഗോത്രപിതാക്കന്മാർ യോസേഫിനോട് അസൂയപ്പെട്ട് അവനെ മിസ യീമിലേക്ക് വിറ്റു കളഞ്ഞു (പ്രവൃത്തികൾ 7:9). യോസേഫ് വാർദ്ധക്യ ത്തിലെ മകനാകകൊണ്ട് യിസ്രായേൽ എല്ലാ മക്കളിലും വെച്ച് അവനെ സ്നേഹിച്ച് ഒരു നിലയങ്കി അവന് ഉണ്ടാക്കികൊടുത്തു. അപ്പൻ തങ്ങളെ എല്ലാവരേക്കാളും അവനെ അധികം സ്നേഹിക്കുന്നതു കാരണം അസൂയ മുഴുത്തിട്ട് സഹോദരന്മാർ യോസഫിനെ പകെച്ചു. മാത്രമല്ല അവനോട് സമാധാനമായി സംസാരിക്കാൻ പോലും അവർക്ക് കഴിഞ്ഞില്ല. അപ്പൻ യോസേഫിനെ സ്നേഹിച്ചു അവന് ഒരു കുപ്പായം ഉണ്ടാക്കി കൊടുത്തത് യോസേഫിന്റെ കുറ്റമല്ല. അവന് അതിന് എന്തെ ങ്കിലും ചെയ്യുവാനും സാധിക്കുമായിരുന്നില്ല. സഹോദരന്മാർ തങ്ങളുടെ സങ്കടം അപ്പനോട് പറഞ്ഞു. അപ്പനിൽ നിന്ന് സ്നേഹം നേടിയെടുക്കുവാൻ ശ്രമിക്കേ തിന് പകരമായി പാവം യോസഫിനെ പകെച്ചു. അവർക്ക് വേണ്ടി ഭക്ഷണവുമായി വന്ന സഹോദരനെ പിടിച്ച് പൊട്ട ക്കിണറ്റിൽ ഇട്ടു. പിന്നീട് ഒരു അടിമായായി യിശ്മായേല്യർക്ക് വില ന്നതായും നാം കാണുന്നു. യോസേഫിനെ ദൈവം കൈവിട്ടില്ല. ദൈവം അവനോട് കൂടെ ഇരുന്നു സകല സങ്കടങ്ങളിൽ നിന്നും അവനെ വിടു വിച്ചു. മിസ്രയീം രാജാവായ ഫറവോന്റെ മുമ്പാകെ അവന് കൃപയും ജ്ഞാനവും കൊടുത്തു. അവൻ അവനെ മിസ്രയീമിനും തന്റെ സർവ്വ ഗൃഹത്തിനും അധിപതിയാക്കി വെച്ചു (പ്രവൃത്തി 7:10).

യോസേഫിന്റെ സഹോദരന്മാർ മരിക്കുന്നതു വരെ അവർ ചെയ്ത പാപം അവരെ കുത്തിക്കൊണ്ടിരുന്നു എന്നു കാണാം. അവർ ഒറ്റുകാർ എന്നു പറഞ്ഞു അവരിൽ ഒരാളെ കാരാഗൃഹത്തിൽ ഇട്ടപ്പോൾ അവർ പറയുന്നത് ഇത് നമ്മുടെ സഹോദരനോട് നാം ചെയ്ത ദോഷമാകുന്നു. അവൻ നമ്മോട് കെഞ്ചിയപ്പോൾ അവന്റെ പ്രാണ സങ്കടം കണ്ടാറെയും, അവന്റെ അപേക്ഷ നാം കേട്ടില്ല (ഉല്പത്തി 42:24) അതുപോലെ പല പ്രാവശ്യം ജീവിതത്തിൽ പ്രശ്നം ഉണ്ടായപ്പോൾ അവരുടെ ഉള്ളം തളർന്ന അവർ വിറച്ചു. (42:48). യോസേഫ് അവരെയും മക്കളെയും കരുതുകയും അവർക്ക് വേ ത് കൊടുക്കുകയും ചെയ്തു. എന്നിട്ട് പിതാവ് മരിച്ചപ്പോൾ അവർ യോസേഫിനോട് പറയുകയാണ് ഞങ്ങൾ ദോഷം ചെയ്തു. അപ്പന്റെ ദൈവത്തിന്റെ ദാസന്മാരുടെ ദ്രോഹം ക്ഷമി ക്കണമേ. അതെ, പാപം എത്ര ഭയാനകം. അത് നമ്മുടെ ഹൃദയത്തെ തകർക്കും. ദുഃഖവും കണ്ണുനീരും വരുത്തും.

നാം രക്ഷിക്കപ്പെടുന്നതിന് മുമ്പെ നാമും ബുദ്ധി കെട്ടവരും അനു സരണമില്ലാത്തവരും വഴിതെറ്റി നടക്കുന്നവരും നാനാമോഹങ്ങൾക്കും ഭോഗങ്ങൾക്കും അധീനരും ഈർഷ്യയിലും അസൂയയിലും കാലം കഴിക്കുന്നവരും ആയിരുന്നു. കൃപയാൽ നാം ചെയ്ത നീതി പ്രവൃത്തികളാലല്ല തന്റെ കരുണ പ്രകാരം നമ്മെ രക്ഷിച്ചു. തിമൊ 3:3,4). അതു കൊണ്ട് നാം സകല ദുഷ്ടതയും എല്ലാ ചതിവും വ്യാജഭാവവും അസൂ യയും എല്ലാ നുണയും നീക്കിക്കളഞ്ഞു ഇപ്പോൾ ജനിച്ച ശിശുക്കളെ പോലെ രക്ഷയ്ക്കായി വളരുവാൻ ദൈവം നമ്മെ സഹായിക്കട്ടെ. അവന്റെ വലിയ നാമം മഹത്വപ്പെടട്ടെ.

ക്രിസ്തീയ ദർശനം
CHRISTHEEYA DARSANAM
ഒരു ബ്രദറൺ സഭാ വാർത്താ പത്രം

# പിറുപിറുപ്പിന്റെ ഫലം



**മിസ്സിസ് എം. സി. ജോണി**

യഹോവയുടെ പുസ്തകത്തിൽ അന്വേഷിച്ചു നോക്കുവിൻ അതിൽ ആവശ്യമായ തെല്ലാം കാണും. പുസ്തകം ഒരോന്നുണ്ടാക്കുന്നതിന് അവസാനമില്ല. അവയിൽ നോക്കിയാൽ എല്ലാം കാണുകയില്ല. യഹോവയുടെ പുസ്തകത്തിൽ അനേഷിച്ചു വായിച്ചുനോക്കിയാൽ അതിൽ ഒന്നും കാണാതിരിക്കയില്ല. ഒന്നിനും ഇണയില്ലാതിരിക്കയുമില്ല. അവന്റെ വായല്ലൊ കൽപിച്ചത്. അവന്റെ ആത്മാവ് അതിനെ കൂട്ടി വരുത്തിയത്. യശയ്യ 34:16 തിരുവെഴുത്തിലെ വാക്കുകൾ ഒന്നും സ്വയമായ വ്യക്ത്യാനത്താൽ ഉളവായതല്ല. ഒരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ വന്നതുമല്ല. ദൈവകൽപനയാൽ മനുഷ്യർ പരിശുദ്ധാത്മ നിയോഗം പ്രാപിച്ചു സംസാരിച്ചതാണ്. 2 പത്രോ 1:20,21. ദൈവസൃഷ്ടിയായ മനുഷ്യർക്ക് ദൈവ കൽപനകളും പ്രമാണങ്ങളും കൊടുത്തു. ലംഘിക്കരുതാത്ത നിയമങ്ങളും കൊടുത്തു. ലംഘിച്ചു ജീവിച്ചാൽ ശിക്ഷകളും കൊടുക്കും. മിസ്രയീമിൽ അടിമകളായിപ്പാർത്ത ദൈവത്തിന്റെ സ്വന്തജനമായ യിസ്രായേലിനെ അവരുടെ നിലവിളികേട്ടു മോശയേയും അഹരോനേയും വിട്ട് അവിടെ നിന്നും പുറപ്പെടുവിച്ചു മരുഭൂമിയിൽ കൂടെ നടത്തിക്കൊണ്ടുപോരുമ്പോഴൊക്കെയും അവർക്കു വിരോധമായി സംസാരിക്കുമായിരുന്നു. യിസ്രായേൽ മക്കളിൽ 250 പുരുഷൻമാർ മോശെയോട് മത്സരിച്ചു. സംഖ്യം 16:3 മത്സരിച്ച് 250 പേരേയും യഹോവയുടെ സന്നിധിയിൽ നിന്നും തീ പുറപ്പെടുവിച്ചു ദഹിപ്പിച്ചു കളഞ്ഞു. അതോടു കൂടെയുണ്ടായ ബാധയാൽ 14700 പേർ മരിച്ചു. പിന്നെയവർ യാത്ര തുടരുമ്പോഴും ദൈവത്തിനും മോശയ്ക്കും വിരോധമായി മത്സരിച്ചു. അപ്പോൾ യഹോവ ജനത്തിന്റെ ഇടയിൽ അഗ്നി സർപ്പങ്ങളെ അയച്ചു. അവ ജനത്തെ കടിച്ചു. വളരെ പേർ മരിച്ചു. സംഖ്യാ 21:6. പിന്നീടു ജനത്തിനു കുറ്റബോധം ഉണ്ടായി. അവർ മോശയുടെ അടുക്കൽ ചെന്നു. ഞങ്ങൾ പാപം ചെയ്തു സർപപ്പങ്ങളെ ഞങ്ങളുടെ ഇടയിൽ നിന്നും നീക്കുവാൻ യഹോവയോട് പ്രാർത്ഥിക്കണം എന്നു പറഞ്ഞു. മോശെ ജനത്തിനുവേണ്ടി ദൈവത്തിനോടു പ്രാർത്ഥിച്ചു. ദൈവം ഉത്തരമരുളി. ഒരു അഗ്നി സർപ്പത്തെ ഉണ്ടാക്കി കൊടിമരത്തിൻ മേൽ തൂക്കാൻ പറഞ്ഞു. അതിനെ നോക്കിയാൽ ജീവിക്കും എന്നും കൽപ്പിച്ചു. മോശെ അങ്ങനെ ചെയ്തു. അതിനെ നോക്കിയവർ ജീവിച്ചു. ഇതു യേശു വിന്റെ നിഴലായിരുന്നു. മോശെ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതു പോലെ മനു ഷ്യപുത്രനേയും ഉയർക്കേണ്ടതാകുന്നു. യോഹ 3:14 തന്നിൽ വിശ്വസിക്കുന്ന ഏവനും നിത്യം ജീവനുണ്ട്. വിശ്വസിക്കാത്തവനോ ജീവനേ കാണുകയില്ല. ദൈവ ക്രോധം അവന്റെ മേൽ വസിക്കുന്നു. യിസ്രായേൽ ശിത്തീമിൽ പാർക്കുമ്പോൾ ജനം മോവാബ്യ സ്ത്രീകളുമായി പരസ്പര സംഗം ചെയ്തു ബാൽ പേയോരിനോടു ചേർന്നു. യഹോവയുടെ കോപം ജ്വലിച്ചു. ബാധ നിമിത്തം 24000 പേർ മരിച്ചു. പ്രിയ സഹോദരിമാരേ, അന്നും ഇന്നും പാപം നിമിത്തം ബാധകൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. അനതിക്കും അഭക്തിക്കും നേരെ ദൈവത്തിന്റെ കോപം സ്വർഗ്ഗത്തിൽ നിന്നും വെളിപ്പെട്ടുവരും. റോമ 1:8 ബി.സി. 1450-1410 എഴുതിയ ആവർത്തന പുസ്തകത്തിൽ അനേകം രോഗങ്ങളെക്കുറിച്ചു പറഞ്ഞിട്ടുണ്ട്. എന്നാൽ ഈ പുസ്തകത്തിൽ എഴുതിയിട്ടില്ലാത്ത രോഗങ്ങളെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. നീണ്ടു നിൽക്കുന്ന അപൂർവ്വ രോഗങ്ങളും മഹാ ബാധകളും ഉണ്ടാകും. അവ 28:59 അള 2019-ൽ ഉണ്ടായ മഹാ ബാധയായ കോവിഡ് 19 ആരും ഒരിക്കും കാണാത്ത ബാധയായിരുന്നു. ഇപ്പോഴും അതു തീർത്തും മാറിയിട്ടില്ലല്ലോ. ഈ രോഗാണുവന്റെ പേര് തന്നെ അൽഭുദമാണ്. കൊറോണ = കിരീടം, മുള്ളുള്ളതിനാൽ - മുൾക്കിരീടം. കൊറോണ എന്നുള്ളത് ഒരു ലാറ്റിൻ വാക്കാണ്. ഏതു മനുഷ്യനേയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചം ലോകത്തിലേക്കു വന്നു. ലോകമോ അവനെ അറിഞ്ഞില്ല. യോഹ 1:9-11 എന്നാൽ ആർക്കും നഗ്നനേത്രങ്ങൾകൊണ്ടു കാണാൻ കഴിയാത്ത കൊറോണ വൈറസ് ലോകത്തിലേക്ക് വന്നപ്പോൾ ലോകം മുഴുവൻ അതിനെ അറിഞ്ഞു. യേശുവിന് കൊടുത്തതൊക്കെയും മടക്കിതന്നു. അവന്റെ മുഖം മൂടിക്കെട്ടി മുൾക്കിരീടം ധരിപ്പിച്ചു. യഹൂദൻമാരുടെ രാജാവെന്ന മേലെഴുത്ത് കുരിശിന്റെ മുകളിൽ വെച്ചു. അവനെ കോൽ കൊണ്ടു തല്ലി അവന്റെ മുഖത്തു തുപ്പി. അവന്റെ രക്തം ഞങ്ങളുടെ മേലും ഞങ്ങളുടെ മക്കളുടെമേലും വരട്ടെ എന്ന യഹൂദൻമാർ പറഞ്ഞ എല്ലാം മടക്കി കിട്ടി. 60 ലക്ഷം യഹൂദൻമാരെ ഹിറ്റ്ലർ കൊന്നൊടുക്കി. ഇപ്പോൾ കൊറോണ വന്നു. ഇപ്പോൾ ശിക്ഷ മടക്കി തന്നുകൊണ്ടിരിക്കുന്നു. ചെറിയവർ തുടങ്ങി വലിയവർ വരെ മാസ്ക് വെച്ച് മുഖം മറച്ചു. നിയമം ലംഘിക്കുന്നവർ ലാത്തി കൊണ്ടടികൊള്ളുന്നു. ഇവിടെ തുപ്പരുത് എന്ന് ബോർഡ് വെച്ചിരിക്കുന്നു. പീലാത്തോസും വെള്ളമെടുത്ത് കൈകഴുകി. എല്ലായിടത്തും കൈ കഴുകാൻ വെള്ളം വെച്ചിരുന്നു. മിക്കവരും വാക്സിൻ കുത്തേൽക്കുന്നു. എവിടെ ചെന്നാലും എഴുതിവെയ്ക്കണമായിരുന്നു. മുൾക്കിരീടം ധരിച്ച് നമ്മുടെ പ്രിയപ്പെട്ടവരിൽ ലക്ഷങ്ങൾ മരിച്ചു വീണു. കോടികൾ രോഗികളായി. ഇതെല്ലാം നാം, നമ്മൾ അനുഭവിച്ചു. ദൈവത്തിന്റെ ശിക്ഷ ഇനിയും നമ്മുടെ മേൽ വരാതിരക്കാൻ നമുക്ക് ഉണർന്നിരുന്നു പ്രാർത്ഥിക്കാം. മരിച്ചവരുടെ ഇടയിൽ ഉറങ്ങുന്നവരാകാതിരിപ്പാൻ ദൈവം നമ്മളെ സഹായിക്കട്ടെ. അഭക്തിക്കും അനീതിക്കും നേരെ ദൈവത്തിന്റെ കോപം സ്വർഗ്ഗത്തിൽ നിന്നും വെളിപ്പെട്ടുവരും. (റോമർ 1:18)

▶▶3 **ഹൃദയങ്ങളെയും ഉൾപ്പൂവുകളെയും**

ഉണ്ടാകണം എന്നതാണ് ഈ സഭയ്ക്കുള്ള ദൂതിലെ പ്രധാന പ്രമേയം. അവർകർത്താവിൽ നിന്ന് പ്രാപിച്ച വചനവും അവർ ജീവിച്ചു വരുന്ന വഴിയും പരിശോധിച്ച് പ്രമാണവും പ്രവൃത്തിയും തമ്മിലുള്ള അന്തരം തിരിച്ചറിഞ്ഞു പ്രമാണപ്രകാരമുള്ള പ്രവൃത്തിയിലേക്ക് മാനസാന്തരപ്പെട്ടു, മടങ്ങിവരണം എന്ന് കർത്താവ് ഉത്ബോധിപ്പിക്കുന്നു.

സഭയിൽ ഭൂരിഭാഗവും വിജാതീയ സമ്പ്രദായങ്ങളിൽ അകപ്പെട്ടു ജീവിക്കുന്നു എങ്കിലും തങ്ങളുടെ വിശ്വാസവുംജീവിതവും മലിനപ്പെടുത്താത്ത ഒരു ശേഷിപ്പ് സഭയിൽ ചെറിയ കൂട്ട മായി ഉണ്ട് എന്നത് കർത്താവ് എടുത്തു പറയുന്നു. എല്ലാക്കാലത്തും എല്ലാ സഭകളിലും കർത്താവിനായി നിലകൊള്ളുന്ന ഒരു ശേഷിപ്പ് ഉണ്ടാകുംഎന്നത് സഭാദൂതുകളിൽ വ്യക്തമായി കാണുന്ന ഒരു സന്ദേശമാണ്. ഇക്കാലത്തും സ്ഥലം സഭകളിൽ ഭൂരിഭാഗവും ലോകവുമായി ഇടകലർന്നു ജീവിക്കുവാൻ ശ്രമിക്കുമ്പോൾ, ആ വിധത്തിലുള്ള ചിന്തകളാൽ മലിനമാകാതെ വേർപാടും വിശുദ്ധിയും കാത്തുസൂക്ഷിക്കുവാൻ പരിശ്രമിക്കുന്ന ഒരു ശേഷിപ്പ് എല്ലാ സഭകളിലും കർത്താവിനായി നിലകൊള്ളുന്നു. അവരോടു ചേർന്ന് നിൽക്കുന്നവർവളരെ ചുരുക്കം ആണെങ്കിലും അവർക്കുള്ള പ്രതിഫലം അതി മഹത്താണ് എന്ന് കർത്താവ് വ്യക്തമാക്കുന്നു.

തങ്ങളുടെ ജീവിതത്തെ ലോകത്തിന്റെ രീതികൾ കൊണ്ട് മലിനപ്പെടുത്താത്ത വ്യക്തികൾ യോഗ്യന്മാർ ആകയാൽ അവർക്ക് വെള്ളയുടുപ്പ് പ്രത്യേക പ്രതിഫലമായി നൽകപ്പെടും. ഭൂരിപക്ഷ സ്വാധീനത്താൽ ലോകത്തോടും ദുരുപദേശങ്ങളോടും ഇടകലർന്നു പോയ വ്യക്തികൾ ദൈവാത്മശബ്ദത്തിന് വിധേയപ്പെട്ടു മടങ്ങി വന്നാൽ അവർക്കും വെള്ളയുടുപ്പ് നൽകും എന്നതാണ് ഈ ദൂതിൽ സഭയ്ക്കുള്ള വാഗ്ദത്തം.

വേർപാടും വിശുദ്ധിയും എന്നുള്ള തിരുവചന സത്യത്തെ തള്ളിക്കളഞ്ഞു അനുരഞ്ജനത്തി ന്റെ പാതയിൽ സഞ്ചരിക്കുവാൻ ഭൂരിപക്ഷ സ്വാധീനമുള്ള ഒരു കാലത്താണ് നാം ആയി രിക്കുന്നത്. ബഹു ഭൂരിപക്ഷവും ലോകത്തോ ടും ലോകസംവിധാനങ്ങളോടു ചേർന്ന് പോകുവാൻ താല്പര്യപ്പെടുന്നു. അത്തരം ഒരു സാഹചര്യത്തിൽ വേർപാട് പാലിച്ചു ജീവി ക്കുക എന്നത് സഭാന്തരീക്ഷത്തിൽ തന്നെ പ്രയാസകരമായ ഒന്നാണ്. ആ പ്രതിസന്ധി യെ കൃപയോടെ വിജയകരമായി തരണം ചെയ്തു കർത്താവിനായി നിലകൊള്ളുന്ന ശേഷി പ്പിന്റെ ഭാഗമായിരിക്കുന്നവർക്ക് പ്രത്യേക പ്രതിഫലം നൽകപ്പെടും. നാം നമ്മുടെ വിശ്വാസയാത്രയിൽ ആദ്യകാല വേർപാടും വിശുദ്ധിയും വിട്ടു, ഭൂരിപക്ഷ സ്വാധീനത്താൽ ലോക വുമായി അനുരഞ്ജന പാതതിരഞ്ഞെടുത്തു എങ്കിൽ ഒരു മടങ്ങിവരവിനായി കർത്താവ് നമ്മെ ആഹ്വാനം ചെയ്യുന്നു. ബാഹ്യപ്രവർത്തനങ്ങൾ അല്ല നാം വാസ്തവത്തിൽ എന്താ യിരിക്കുന്നു എന്നതാണ് കർത്താവ് പരിശോധിക്കുന്നത്. പ്രവർത്തനങ്ങളുടെ ബാഹുല്യമല്ല; പ്രവർത്തനത്തിലെ വിശ്വസ്ത തയുംവചന വ്യവസ്ഥിതിയുമാണ് കർത്താവ് പരിഗണിക്കുന്നത്. നമ്മുടെ പ്രവർത്തനങ്ങൾ മനുഷ്യരുടെ മുമ്പിലല്ല, ദൈവസന്നിധിയിലാണ്പൂർണ്ണത ഉള്ളതായി വെളിപ്പെടേണ്ടത്. അതായിരിക്കട്ടെ നമ്മുടെ വിശ്വാസ ജീവിതലക്ഷ്യം.

# സൗമ്യതയുടെ അതീകായകൻ വിടവാങ്ങി..



**സി. എം. തോമസ്**

സഹോദര തുല്ല്യനായി ഞാൻ ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെയ്ത ദൈവദാസൻ ആയിരുന്നു സി.എം. തോമസ് (77). കർത്ത്യ വേലയിൽ സൗമ്യതയും, ഉത്തരവാദിത്വവും, ഉത്സാഹവും പുലർത്തിയിരുന്ന ഒരു വ്യക്തിത്വമായിരുന്നു പരേതൻ. ആകാരത്തിലും കായിക ശേഷിയിലും മുന്നിലായിരുന്ന ആൾ എന്നനിലയിൽ സുവിശേഷവിരോധികൾ പോലും തന്നോട് ബഹുമാനത്തോട് മാത്രമേ ഇടപെട്ടി ട്ടുള്ളു. പക്ഷെ വളരെ താഴ്മയുള്ള ഒരു മന സിന്റെ ഉടമസ്ഥൻ ആയിരുന്നു.

ഒരു സമ്പൂർണ്ണ സുവിശേഷ കുടുംബമാണ് തന്റേത്. തന്റെ പിതാവ്, മകൻ, മൂത്ത മരുമകൻ, ഇളയമരുമകന്റെ പിതാവ്, ഭാര്യാ സഹോദരൻ, ഇവരെല്ലാം സുവിശേഷവേലയിൽ ശോഭിച്ചിരുന്നവരും ഇപ്പോൾ തുടരുന്നവരും ആണ്.

കഴിഞ്ഞ നാല് പതിറ്റാണ്ടിലധികം കർത്ത്യ വേലയിൽ നിസ്വാർത്ഥമായി അദ്ധ്വാനിച്ചു.

ക്രിസ്തീയദർശനം മാസിക പ്രവർത്തനത്തോടും വിശേഷാൽ വളരെ ബഹുമാനവും സ്നേഹവും പുലർത്തിയിരുന്ന ദൈവദാസനായിരുന്നു. സി.എം. തോമസ്. ബഹുമാന്യ കർത്ത്യദാസന്റെ നിര്യാണത്തിൽ ക്രിസ്തീയദർശനം എഡിറ്റോറിയൽ ബോർഡിന്റെ അനുശോചനവും ദുഃഖവും രേഖപ്പെടുത്തിക്കൊള്ളുന്നു.


സന്തപ്ത കുടുംബാംഗങ്ങളെ സർവ്വാശ്വാസങ്ങളുടേയും ഉടമസ്ഥനായ ദൈവം ആശ്വസിപ്പിക്കട്ടെ.

**സജി ജോൺ**

# നിത്യതയിൽ



സുവി. മാത്യു ഫിലിപ്പ്



സി. ജോൺ



ഫെലിക്സ് സിബി



ഏലിയാമ്മ എബ്രഹാം



ജോളി ജോസ്



അന്നമ്മ മാത്യു



കുഞ്ഞമ്മ വർഗീസ്

**CHRISTHEEYA DARSANAM**
KALLOTH RIVER VIEW
VADASSERIKKARA, PATHANAMTHITTA DIST.
KERALA-689 662
email: **cdranni2020@gmail.com**

ക്രിസ്തീയ ദർശനം
CHRISTHEEYA DARSANAM
ഒരു ബ്രദറൺ സഭാ വാർത്താ പത്രം

ജനുവരി– 2023
ഒറ്റ പ്രതി: ₹10
RNI. Reg.No. **KERBIL / 2008 / 26466**
**REGISTERED**
Postal Reg. No. **KL /PTA/ 89/ 2023-2025**
**Published on 14th January 2023**
Posted on **16th January 2023 at RMS Thiruvalla**

# ലോകം, ജഡം, പിശാച്



റെജി ഈട്ടിമൂട്ടിൽ

**ലോകം**

ആത്മീകരായ ദൈവജനത്തിന്റെ ബാഹ്യ ശത്രുവാണ് 'ലോകം' . ക്രിസ്ത്യാനിയുടെ ശത്രുത്രയങ്ങളിൽ പ്രഥമ പരിഗണന ലോകം എന്നതിനാണ് നൽകേണ്ടത്. ലോകം എന്ന പ്രയോഗം കൊണ്ട് എന്താണ് ബൈബിൾ പരിഗണിക്കുന്നത്. നാം ഇന്നു കാണുന്ന ഈ ഭൂമിയാണോ ദൈവം സൃഷ്ടിച്ചത്. ഈ ലോക വ്യവസ്ഥിതികൾ ദൈവത്തിനും ദൈവജനത്തിനും എതിരാണോ? ബൈബിൾ എങ്ങനെയാണ് അതിനെ നിർവചിക്കുന്നത്?.

### 1. 'ലോകം' ബൈബിൾ നിർവചനം

വിശുദ്ധ വേദപുസ്തകത്തിലെ പഴയപുതിയനിയമങ്ങളിൽ എബ്രായഗ്രീക്കു പദങ്ങളുടെ വിശകലനത്തിലൂടെ 'ലോകം'എന്ന പദത്തിന്റെ അർത്ഥം പരിശോധിക്കാം.

### A. 'ലോകം' പഴയനിയമ വീക്ഷണത്തിൽ

പുരാതന പഴയനിയമ എബ്രായർക്ക് പ്രപഞ്ചം (Universe) എന്നതിന് ഒറ്റവാക്ക് ഉണ്ടായിരുന്നില്ല. സൃഷ്ടിയെ മുഴുവൻ സംബോധന ചെയ്യുന്ന രീതിയാണവർക്കുണ്ടായിരുന്നത്. ആകാശവും ഭൂമിയും (ഉല്പ.1:1) ആകാശവും ഭൂമിയും സമുദ്രവും അവയിലുള്ള സകലവും (പുറ.20:11) ഇതുപോലെയുള്ള ധാരാളം പ്രയോഗങ്ങൾ പഴയനിയമത്തിൽ കാണാം (നെഹ.9:6, യെശ.44::24, യിര.10:16,,51:19).

ദൈവം : ഭൂമിയ്ക്കു മുകളിലും, ഭൂമിയിലും , ഭൂമിയ്ക്കു അടിയിലും ഉള്ളതെല്ലാം സൃഷ്ടിച്ചുവെന്ന സ്ഥിരീകരണമാണ് എബ്രായ ചിന്തയുടെ അടിസ്ഥാനം (ഉല്പ.1:1–23, ഇയ്യോ.38:1) നാല് പ്രധാന വാക്കുകളാണ് 'ലോകം'എന്ന വിസ്തൃതാശയം വെളിപ്പെടുത്താൻ എബ്രായ തിരുവെഴുത്ത് അവതരിപ്പിക്കുന്നത്.

#### 1. എററ്റ്സ് (Erets)

രണ്ടായിരത്തിനാല്പത്തിയേഴ് തവണ ഈ പദം പഴയനിയമത്തിൽ കാണുന്നു. നിലം, ദേശം, ഭൂമി എന്നാണ് പ്രഥമാ ർത്ഥം. ലോകം എന്ന് കെ.ജെ.വിയിൽ നാലുതവണയും ആർ.എസ്.വിയിൽ രണ്ടു പ്രവശ്യവും ഭാഷാന്തരം ചെയ്തി ട്ടുണ്ട്. (യെശ. 23:12, 62:11, യിര.25:26, സങ്കീ.22:27).

#### 2. ചേലെദ് (Cheled)

സമയത്തിന്റെ ക്ഷണികമായ ഒരു ഭാഗം, യുഗം എന്നാണ് വിവക്ഷ. അയോൺ എന്ന ഗ്രീക്കു പദവുമായി ഇതിന് ചേർച്ചയുണ്ട്. സമയത്തിന്റെ ഘട്ടങ്ങളെ യുഗവ്യവസ്ഥിതിയെ ഇത് സൂചിപ്പിക്കുന്നു ( സങ്കീ.17:14, 49:1)

#### 3. ഒലാം. (Olam)

പ്രായം അല്ലെങ്കിൽ ദീർഘകാലം എന്ന ആശയമാണുള്ളത്. നിരൂപിക്കാൻ ആകാത്ത സമയം, നിത്യത എന്നു സാരം. ഗ്രീക്കിലെ എയ്ണിയോസ് (aionios) എന്ന പദവുമായി സാമ്യം. അന്തമില്ലാത്ത സമയം പൂർവ്വകാലം, പുരാതനമായത് എന്നെല്ലാമർത്ഥം (സങ്കീ. 73.12, സഭാ. 3:11, സദൃശ്യ. 22:28, യിരമ്യ.5:15,യെഹ.36:2).

#### 4. തേബെൽ (Tebel)

ഈ പദം ലോകത്തെയും അതിലെ നിവാസികളെയും സൂചിപ്പിക്കുന്നു. നിവാസികളുടെ ലോകമെന്ന് സാരം. 36 തവണ ഈ പദം പഴയനിയമ തിരുവെഴുത്തിൽ വച്ചിരിക്കുന്നു (1ശമൂ.2:8, 2ശമൂ.22:16, ഇയ്യോ.18:18, വിലാ.4:12, നഹൂം. 1:5)

### B 'ലോകം' പുതിയ വീക്ഷണത്തിൽ

ബൈബിളിന്റെ പുതിയനിയമഗ്രീക്കിൽ ലോകം എന്ന് തർജ്ജീമചെയ്തിരിക്കുന്ന നാല് ഗ്രീക്കുപദങ്ങളാണുള്ളത്.

#### 1. കോസ്മോസ് (Cosmos)

ലോകം എന്ന് വിവർത്തനം ചെയ്യപ്പെട്ടിരിക്കുന്ന ഏറ്റവും സാധാരണമായ ഗ്രീക്കുപദം കോസ്മോസാണ്. മത്തായി 4:8 ൽ ആദ്യമായി ഈ പദം വരുന്നു. ലോകവ്യവസ്ഥ, അലങ്കാരം, സാമൂഹ്യവ്യവസ്ഥിതി എന്നീ അർത്ഥത്തിലാണ് ഈ പദം അധികവും പ്രയോഗിച്ചിട്ടുള്ളത്. 1പത്രോ.3:3 – ൽ അലങ്കാരം എന്നും ഭാഷാന്തരം ചെയ്യുന്നു.

#### 2. അയോൺ (Aion)

ഒരു യുഗവ്യവസ്ഥയെ സൂചിപ്പിക്കുകയാണ് മിക്കപ്പോഴും അയോൺ. സമയത്തിന്റെ ഒരു കാലഘട്ടം, യുഗം എന്നെല്ലാം വിവക്ഷ, 128 പ്രാവശ്യം കാണപ്പെടുന്നു. 71 പ്രാവശ്യം ലോകം എന്ന വാക്ക് പരിഭാഷയായി സ്വീകരിക്കുന്നു. മലശ ക്രിയാവിശേഷണത്തിൽ നിന്നും നിഷ്പദിച്ചതാണ് മശീ. എല്ലായിപ്പോഴും സമയദൈർഘ്യം എന്നീ ആശയമാണുള്ളത്.

*തുടരും*

# കല്ലിശ്ശേരി കൺവൻഷൻ സമാപിച്ചു



ഉദ്ഘാടനം : സുവി. ചാണ്ടപിള്ള ഫിലിപ്പ്



സുവി. ജെയിംസ് എം. തോമസ്



സുവി. എബി കെ. ജോർജ്ജ്



സദസ്സ്



ബ്രദർ ജെയിംസ് കൊടുന്തറയുടേ നേതൃത്വത്തിലുള്ള ഗായകസംഘം

2022 ഡിസംബർ 25 ഞായറാഴ്ച സുവിശേഷകൻ ചാണ്ടപിള്ള ഫിലിപ്പ് ഉദ്ഘാടനം നിർവ്വഹിച്ച് ആരംഭിച്ച കൺവൻഷൻ 2023 ജനുവരി 1 ഞായറാഴ്ച കർത്ത്യമേശയോടുകൂടെ സമാപിച്ചു.

# അങ്കമാലി കൺവൻഷന് തുടക്കം



ഉദ്ഘാടനം : സുവി. റെജി കെ. തോമസ്



ഗായകസംഘവും സദസ്സും

രണ്ടാമത് അങ്കമാലി ബ്രദറൺ കൺവൻഷന് സുവി. റെജി കെ.തോമസ് ഉദ്ഘാടനം ചെയ്യുന്നു. അങ്കമാസി സി.എസ്.,എ. ഓഡിറ്റോറിയത്തിൽ വെച്ച് നടത്തപ്പെടുന്ന കൺവൻഷനിൽ അങ്കമാലി പരിസരപ്രദേശങ്ങളിലെ അങ്കമാലി ബ്രദറൻ സഭാ വിശ്വാസികൾ പങ്കെടുക്കും.




Printed, Published & Owned by Raja K. Thomas and Printed at Rashtra Deepika Press Kottayam, Kerala. Pin: 689662
Published from Raju K. Thomas, Kalloth River View, Vadasserikkara P.O., Pathanamthitta Dist. Kerala 689662, Editor : Saji John